## പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XIV
# (ആഭ്യന്തര കാര്യങ്ങൾ)

## 2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2016 നവംബർ 7-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിനാലാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി XIV
# (ആഭ്യന്തര കാര്യങ്ങൾ)

**2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

1207/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി XIV

## (ആഭ്യന്തര കാര്യങ്ങൾ)

## (2016-2018)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

<u>പ്രത്യേക ക്ഷണിതാവ്</u> :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. കെ. എം. മാണി

ശ്രീ. സി. കെ. നാണു

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. രാജു എബ്രഹാം

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച പതിനാലാം സബ്ജക്ട് കമ്മിറ്റിയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തര കാര്യങ്ങൾ)-ന്റെ അഞ്ചാമത് റിപ്പോർട്ട് 8-6-2015-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ 9-2-2016, 9-9-2016, 3-11-2016 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് നാല് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാരിൽ നിന്നും മറുപടി ലഭിച്ച ശിപാർശകളും മറുപടികളും ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്തിൽ വ്യവസായങ്ങളും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2015-16 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ, നിലവിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനാപരിധിയിലുള്ള, വിവരസാങ്കേതികവിദ്യ എന്ന വിഷയവുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് മറുപടി ലഭിച്ച ശിപാർശകളും നടപടി സ്റ്റേറ്റ്മെന്റുകളും ഉൾപ്പെടുത്തിയിരിക്കുന്നു. മൂന്നാം ഭാഗത്തിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2015-16 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ, നിലവിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനാപരിധിയിലുള്ള, വിമാന ഗതാഗതവുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് മറുപടി ലഭിച്ച ശിപാർശകളും നടപടി സ്റ്റേറ്റ്മെന്റുകളും നാലാം ഭാഗത്തിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2015-16 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

7-7-2016-ലെ ബുള്ളറ്റിൻ—ഭാഗം 2 (നമ്പർ 25) പ്രകാരം ന്യൂനപക്ഷക്ഷേമം എന്ന വിഷയം സബ്ജക്ട് കമ്മിറ്റി IX-ലേക്ക് മാറ്റി നൽകിയതിനാൽ അതു സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് (ഖണ്ഡിക 114 മുതൽ 122 വരെ) ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

2016 നവംബർ 3-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2016 നവംബർ 3.

പിണറായി വിജയൻ,
ചെയർമാൻ,
*സബ്ജക്ട് കമ്മിറ്റി XIV.*

# റിപ്പോർട്ട്

## ഭാഗം 1

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും

## ശിപാർശ

2051-00-102-99 - പബ്ലിക് സർവ്വീസ് കമ്മീഷൻ

പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി തുക അനുവദിച്ചതിൽ, പാർട്ട് - ടൈം ജീവനക്കാരുടെയും ദിവസവേതനക്കാരുടെയും വേതനം, പരീക്ഷാ നടത്തിപ്പുമായും ഇന്റർവ്യൂ സംബന്ധമായുമുള്ള ജീവനക്കാരുടെയും കമ്മീഷൻ അംഗങ്ങളുടെയും വിഷയ വിദഗ്ധരുടെയും യാത്രാച്ചെലവുകൾ, ജീവനക്കാരുടെ അവധിയാത്രാനുകൂല്യം, കമ്മീഷന്റെ ഓഫീസുകളുടെയും ചെയർമാന്റെ ഔദ്യോഗിക വസതിയുടെയും വാടക എന്നീയിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 02- വേതനം എന്നയിനത്തിൽ 20,00,000 രൂപയും 04 - യാത്രാച്ചെലവിൽ യാത്രാബത്ത എന്നയിനത്തിൽ 75,00,000 രൂപയും അവധി യാത്രാനുകൂല്യം എന്ന ഇനത്തിൽ 5,88,000 രൂപയും 06 - വാടക, കരം നികുതിയിനത്തിൽ 27,00,000 രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വിവിധ തസ്തികകളിലായി 35 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന വിവിധ പരീക്ഷകൾ, ശാരീരികക്ഷമതാ പരിശോധന, ഡ്രൈവിംഗ് ടെസ്റ്റ് തുടങ്ങിയവ ഈ സാമ്പത്തിക വർഷം നടപ്പാക്കേണ്ടതുള്ളതിനാൽ '28 - തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ' എന്ന ഇനത്തിൽ 5,00,00,000 രൂപയും '34 - മറ്റു ചെലവുകൾ' എന്ന ഇനത്തിൽ 2,10,00,000 രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4, 5)

## സർക്കാർ സ്വീകരിച്ച നടപടി

കേരള പബ്ലിക് സർവ്വീസ് കമ്മീഷന് 2015-16 സാമ്പത്തിക വർഷത്തിൽ, ബഡ്ജറ്റിൽ അനുവദിച്ച തുക കൂടാതെ വിവിധ ഘട്ടങ്ങളിലായി താഴെപ്പറയുന്ന ഉത്തരവുകൾ പ്രകാരം 12 കോടി 50 ലക്ഷം രൂപ അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

| | |
|---|---|
| G.O(Rt.)No. 6641/15/Fin dated 17/07/2015 | - 2 കോടി |
| G.O(Rt.)No. 8454/15/Fin dated 25/09/2015 | - 5 കോടി |
| G.O(Rt.)No. 9043/15/Fin dated 15/10/2015 | - 50 ലക്ഷം |
| G.O(Rt.)No. 10056/15/Fin dated 19/11/2015 | - 5 കോടി |

(സർക്കാർ കത്ത് നം. 46898/സ്പെ.ഇ 1/15/പൊ.ഭ.വ. തീയതി 5.1.2016)

## ശിപാർശ

2052-00-090-66 - സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻഹൗസ് ട്രെയിനിംഗ് സെൽ

പൊതുഭരണ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ പരിശീലന പരിപാടികളും ഇൻഹൗസ് ട്രെയിനിംഗ് സെന്റർവഴി നൽകുന്നതിന് ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ, 4,83,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

## സർക്കാർ സ്വീകരിച്ച നടപടി

2052-00-090-66 എന്ന ശീർഷകത്തിൽ നടപ്പ് വർഷം വകയിരുത്തിയിട്ടുള്ള 4 ലക്ഷം രൂപ വിനിയോഗിച്ച് തീരുന്നമുറയ്ക്ക് അധിക തുക അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതാണ്.

(സർക്കാർ കത്ത് നം. 12751/എ.ആർ11(1)/2015/ഉഭപവ തീയതി 09.11.2015)

## ശിപാർശ

അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡെസ്ക് എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ, എറ്റേണൽ അസംബ്ലി, എക്സ്ചേഞ്ച് പ്രോഗ്രാം, പഴയ നിയമസഭാ മന്ദിരത്തിൽ ചരിത്ര സംഭവങ്ങളുടെ വിഷ്വൽ പ്രസന്റേഷൻ നടപ്പാക്കൽ, ഭരണ നിർവ്വഹണച്ചെലവുകൾ എന്നിവയ്ക്കായി മേല്പ്പറഞ്ഞ ശീർഷകത്തിൽ 1,10,00,000 രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 95,19,000 രൂപ മാത്രമാണ് ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളത് എന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത വിഹിതം അപര്യാപ്തമായതിനാൽ 14,81,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

## സർക്കാർ സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 95,19,000/- രൂപ വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് മാത്രമേ അധികതുക അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കേണ്ടതുള്ളുവെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. 2052-00-090-86 എന്ന ശീർഷകത്തിൽ പാർലമെന്ററികാര്യ വകുപ്പിന് അനുവദിച്ച 95,19,000/- രൂപയിൽ 8-2-2016 വരെ 12,53,455/- രൂപ (പന്ത്രണ്ട് ലക്ഷത്തി അൻപത്തിമൂന്നായിരത്തി നാന്നൂറ്റി അൻപത്തി അഞ്ച് രൂപ മാത്രം) മാത്രമേ ചെലവാക്കിയിട്ടുള്ളൂ. സാമ്പത്തിക വർഷം അവസാനിക്കുവാൻ അധിക ദിവസങ്ങളില്ലാത്തതിനാൽ അവശേഷിക്കുന്ന ബഡ്ജറ്റ് വിഹിതം (82,65,545/-രൂപ) പൂർണ്ണമായി ചെലവാക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ആയതിനാൽ ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവാക്കാൻ കഴിയാത്ത സാഹചര്യത്തിൽ സമിതി നിർദ്ദേശിച്ച പ്രകാരം 14,81,000/- രൂപ കൂടി അധികമായി അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുവാൻ നിർവ്വാഹമില്ലെന്ന വിവരം അറിയിക്കുന്നു.

(സർക്കാർ കത്ത് നം. 1543/എ 2/2015/പാ.ക.വ., തീയതി 24-2-2016)

## ശിപാർശ

3451-00-090-98 - നിയമ വകുപ്പിന്റെ നവീകരണം

നിയമ വകുപ്പിന്റെ നവീകരണ പദ്ധതിയുടെ രണ്ട്, മൂന്ന്, നാല് ഘടകങ്ങളുടെ നടത്തിപ്പിന് 2015-16 സാമ്പത്തിക വർഷം 57 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാലും ഒന്നാം ഘടകത്തിന് മുൻവർഷം 31,00,000 രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും ആകെ 88,00,000 രൂപ ഇതിലേക്ക് ആവശ്യമുള്ളതായി സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 8,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

## സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 02.07.2015-ലെ 15073/നോഡൽ1/2015/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം 2015-16 സാമ്പത്തിക വർഷത്തേക്കായി 8,00,000 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 14751/പാർല/2015/നിയമം തീയതി 17.09.2015)

## ശിപാർശ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ. എം. ജി)

3451-00-101-69 - സംസ്ഥാന പരിശീലന നയം - പരിശീലന പരിപാടി

നടപ്പു സാമ്പത്തികവർഷത്തിൽ സംസ്ഥാന പരിശീലന നയത്തിന്റെ ഭാഗമായി പരിശീലന പരിപാടി നടത്തുന്നതിന് 26,70,74,400 രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. ഈ പരിശീലന പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 15,20,74,400 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

## സർക്കാർ സ്വീകരിച്ച നടപടി

ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം ആയതിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങളും അധികമായി ആവശ്യമായ തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങളും അവയുടെ ആവശ്യകത സംബന്ധിച്ച വിശദീകരണങ്ങളും ടി ശീർഷകത്തിലെ മുൻവർഷത്തെ ചെലവും സഹിതം തുല്യമായ തുക ഗ്രാന്റിനുള്ളിൽ സേവിംഗ്സ് കണ്ടെത്തി വ്യക്തമായ ശിപാർശ സമർപ്പിക്കുന്ന പക്ഷം ആവശ്യമായ തുക ധനപുനർ വിനിയോഗം വഴി അനുവദിക്കുന്ന കാര്യം പരിഗണിക്കാമെന്ന് ഐ. എം. ജി.യെ അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 12738/എ. ആർ. 13(1)/2015/ഉ.ഭ.പ.വ. തീയതി 28.10.2015)

## ശിപാർശ

3451-00-101-87-01 : കേരള വിവര സാങ്കേതികത്വ സർവ്വീസ് സൊസൈറ്റി - സംസ്ഥാന പദ്ധതി - ജനറൽ

കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (കെസ്വാൻ), ഫ്രണ്ട്സ് എന്നീ പദ്ധതികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ ഈ പദ്ധതികൾക്കായി യഥാക്രമം 10,10,00,000/- രൂപ 99,00,000/- രൂപ എന്നിങ്ങനെ ആകെ 11,09,00,000/- രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

## സർക്കാർ സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (കെസ്വാൻ) പദ്ധതിയുടെ ഉപകരണങ്ങൾ എല്ലാം തന്നെ 2008-ൽ സ്ഥാപിച്ചിട്ടുള്ളവയാണ്. കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി ഉപകരണങ്ങളുടെ നവീകരണത്തിനായാണ് അധിക തുക ആവശ്യപ്പെട്ടിരുന്നത്. പക്ഷേ സാങ്കേതിക കാരണങ്ങളാൽ ഈ നവീകരണം സമയ ബന്ധിതമായി നടത്തുവാൻ കഴിഞ്ഞില്ല. ആയതിനാൽ 2015-16 സാമ്പത്തിക വർഷം സമിതി ശിപാർശ ചെയ്തിരുന്ന അധിക

തുകയുടെ ആവശ്യം ഉണ്ടായില്ല. പ്രസ്തുത നവീകരണ പ്രവർത്തനത്തിന് ആവശ്യമായ തുകയും കൂടി ഉൾപ്പെടുത്തി 2016-17 ലെ ബജറ്റിൽ കെസ്വാൻ (KSWAN) പദ്ധതിയ്ക്കായി 35.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഫ്രണ്ട്സ് പദ്ധതിയ്ക്ക് 2015-16 സാമ്പത്തിക വർഷത്തിൽ 1,00,00,000/- രൂപ അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

**ശിപാർശ**

3451-00-101-52 : അക്ഷയ പദ്ധതി

അക്ഷയ പദ്ധതിയിലെ വിവിധ ഘടകങ്ങളുടെ നടത്തിപ്പിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2,00,00,000/- രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

**സർക്കാർ സ്വീകരിച്ച നടപടി**

അക്ഷയ സെന്ററുകളിലെ ജീവനക്കാരുടെ കരാർ പുതുക്കി നൽകാത്തതിനാൽ അക്ഷയ ജീവനക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായതും, പദ്ധതിയ്ക്കായി ഉപയോഗിച്ചുകൊണ്ടിരുന്ന വാഹനങ്ങളുടെ എണ്ണത്തിൽ വരുത്തിയ കുറവും, പ്രതീക്ഷിത ചിലവുകൾ എല്ലാം ഉണ്ടാകാത്തതുമായ സാഹചര്യത്തിൽ ബജറ്റിൽ വകയിരുത്തിയിരുന്ന തുക പ്രവർത്തനത്തിന് പര്യാപ്തമായിരുന്നു എന്ന് കണ്ടെത്തുകയുണ്ടായി. ആയതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന അധിക തുകയുടെ ആവശ്യം വന്നില്ല.

**ശിപാർശ**

3451-00-101-39 - യൂത്ത് എന്റർപ്രണർഷിപ്പ്

സ്റ്റാർട്ടപ് സംരംഭകർക്കായി വാഗ്ദാനം ചെയ്തിരിക്കുന്ന സഹായങ്ങൾക്ക് 10,00,00,000/- രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

## സർക്കാർ സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തിൽ യൂത്ത് എന്റർപ്രണർഷിപ്പ് പദ്ധതിയ്ക്കായി 3451-00-101-39 എന്ന ശീർഷകത്തിൽ 30,00,00,000/- രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത പദ്ധതിയ്ക്ക് 30 കോടി രൂപയുടേയും ഭരണാനുമതി നൽകിയതിന് പുറമേ നവ സംരംഭകരെ സഹായിക്കുന്നതിനായി ആറു കോടി രൂപയുടെ പെർഫോർമൻസ് ലിങ്ക്ഡ് സഹായ പദ്ധതി, അഞ്ച് കോടി രൂപയുടെ പേറ്റന്റ് സപ്പോർട്ട് സ്കീം എന്നീ പദ്ധതികൾക്കും സമിതിയുടെ ശിപാർശയുടെ കൂടി അടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ 41 കോടി രൂപയ്ക്ക് ടി ശീർഷകത്തിൻ കീഴിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഖണ്ഡിക 23 മുതൽ 25 വരെ - സർക്കാർ കത്ത് നം. ഐ.ടി.സി1/84/2015/ഐ.ടി., തീയതി - 24-6-2016)

## ശിപാർശ

2014-00-114-92 -സ്ഥിര ലോക് അദാലത്ത്

ഈ ശീർഷകത്തിലെ 01-4- മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, 04-2 സ്ഥലംമാറ്റ ബത്ത, 04-4 അവധിയാത്രാനുകൂല്യം, 05-2 - വൈദ്യുത ചെലവ്, 05-3 ടെലഫോൺ ചെലവ് എന്നീ ഉപശീർഷകങ്ങളിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഓരോന്നിലും യഥാക്രമം 2,35,000 രൂപ, 49,000 രൂപ, 1,93,000 രൂപ, 28,000 രൂപ, 30,000 രൂപ എന്നിങ്ങനെ തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

## സർക്കാർ സ്വീകരിച്ച നടപടി

പൊതുസേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന ടെലഫോൺ, വെള്ളം, വൈദ്യുതി, കമ്പിതപാൽ, നഗരശുചീകരണം, ആരോഗ്യം, ആശുപത്രികൾ, ഇൻഷുറൻസ് എന്നീ പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് രംഗങ്ങളിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന തർക്കങ്ങൾ കോർട്ട് ഫീസ് ഇല്ലാതെ തീർപ്പാക്കാനുള്ള സംവിധാനമാണ് സ്ഥിരം ലോക് അദാലത്ത് (പി.എൽ.എ). തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പി.എൽ.എ. ഇപ്പോൾ നിലവിലുള്ളത്. മേൽപ്പറഞ്ഞ പി.എൽ.എ.-കളുടെ പ്രവർത്തനങ്ങൾക്കായി 2015-16 വർഷത്തിൽ 5.35 ലക്ഷം

രൂപ 2014-00-114-92 എന്ന ശീർഷകത്തിൽ വിവിധ ഇനങ്ങളിലായി അധികമായി അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. തുടർന്ന് 6-7-2015-ലെ 1468/15/എ/കെൽസ കത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് 31-7-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം 2014-00-114-93-05-ഓഫീസ് ചെലവുകൾ - 3 - ടെലഫോൺ ചാർജ് എന്ന ശീർഷകത്തിൽ 30,000/- രൂപ റീ-അപ്രോപ്രിയേഷൻ വഴി ലഭ്യമാക്കുകയുണ്ടായി. മറ്റ് ശീർഷകങ്ങളിൽ ചെലവുകൾ നിലവിലുള്ള തുകയിൽ പരിമിതപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

(ഇതിന് ബഹു. നിയമ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.)

## ശിപാർശ

2014-00-114-93 - കേരള സംസ്ഥാന നിയമ സഹായ സമിതി

ഈ ശീർഷകത്തിൽ വിവിധ കണക്കിനങ്ങളിലായി അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ ഓരോന്നിലും താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | | |
|---|---|---|---|
| 01-4- | മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | - | 22,00,000/-രൂപ |
| 04-1- | യാത്രാബത്ത | - | 12,42,000/- രൂപ |
| 04-2- | സ്ഥലംമാറ്റ ബത്ത | - | 2,82,000/- രൂപ |
| 04-4- | അവധിയാത്രാനുകൂല്യം | - | 4,08,000/- രൂപ |
| 05-2- | വൈദ്യുത ചെലവ് | - | 1,88,000/- രൂപ |
| 05-3- | ടെലിഫോൺ ചെലവ് | - | 2,00,000/- രൂപ |
| 05-4- | മറ്റിനങ്ങൾ | - | 11,00,000/- രൂപ |
| 06- | വാടക, കരം, നികുതി | - | 9,00,000/- രൂപ |
| 21-2- | മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 2,36,000/-രൂപ |
| 34- | മറ്റ് ചെലവുകൾ | - | 9,00,00,000/- രൂപ |
| 45- | പി. ഒ. എൽ | - | 2,92,000/- രൂപ |

21-1 - മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ

കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിക്കും 7 ജില്ലാ ഓഫീസുകളിൽ മുഴുവൻസമയ സെക്രട്ടറിമാരായി നിയമിതരായ ജുഡീഷ്യൽ ഓഫീസർമാർക്കും വാഹനം വാങ്ങുന്നതിലേക്ക് 66,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31, 32)

## സർക്കാർ സ്വീകരിച്ച നടപടി

" 2014-00-114-93-കെൽസ" എന്ന ശീർഷകത്തിൽ, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, സ്ഥലംമാറ്റബത്ത, അവധിയാത്രാനുകൂല്യം, വൈദ്യുതി ചെലവ്, ടെലഫോൺ ചെലവ്, ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ, വാടക-കരം-നികുതി, മോട്ടോർവാഹനങ്ങൾ-വാങ്ങൽ, സംരക്ഷണവും അറ്റകുറ്റപ്പണികളും, മറ്റ് ചെലവുകൾ, പി.എൽ എന്നീ ഇനങ്ങളിലായി ആകെ 10,36,48,000/- രൂപ കൂടി അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

ഇതിലേക്ക് 14-9-2015-ലെ G.O.(Rt)No.8135/2016/Fin പ്രകാരം "2014-00-114-93-കെൽസ" എന്ന ശീർഷകത്തിൽ, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് (2,00,000), ദിവസക്കൂലി (1,00,000) സ്ഥലംമാറ്റബത്ത (75,000), അവധിയാത്രാനുകൂല്യം, വെള്ളക്കരം (25,000), വൈദ്യുതി ചെലവ് (50,000), ടെലഫോൺ ചെലവ് (1,25,000), വാടക-കരം-നികുതി (6,20,000) എന്നീ ഇനങ്ങളിലായി ആകെ 11,95,000/- രൂപ കൂടി അധിക ചെലവിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന് പുറമേ 30-1-2016-ലെ G.O(Rt)No.948/2016/Fin പ്രകാരം "2014-00-114-93-കെൽസ എന്ന ശീർഷകത്തിൽ, ടെലഫോൺ ചെലവ് (60,000), ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ (1,25,000), വാടക-കരം-നികുതി (1,45,000), 34 മറ്റ് ഇനങ്ങൾ (61,00,000) എന്നീ ഇനങ്ങളിലായി ആകെ (64,30,000)/- രൂപ കൂടി അധിക ചെലവിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

കൂടാതെ 18-2-2016-ലെ G.O.(Rt) No.1599/2016/Fin പ്രകാരം "2014-00-114-93-കെൽസ എന്ന ശീർഷകത്തിൽ, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് (1,50,000), ദിവസക്കൂലി (50,000), സ്ഥലംമാറ്റബത്ത (38,000), വെള്ളക്കരം (25,000), വൈദ്യുത ചെലവ് (50,000), ടെലഫോൺ ചെലവ് (63,000), വാടക-കരം-നികുതി (3,10,000), മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും (25,000), 34 മറ്റ് ഇനങ്ങൾ (10,000) എന്നീ ഇനങ്ങളിലായി ആകെ 1,07,11,000/- രൂപ അധിക ചെലവിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് 18-2-2016 തീയതിയിലെ G.O.(Rt) No. 1599/2016/Fin പ്രകാരം 1,00,00,000/- " 2014-00-114-93-34 മറ്റിനങ്ങൾ" എന്ന ശീർഷകത്തിൽ മീഡിയേറ്റേഴ്സിന് ഫീസ് കൊടുക്കുന്ന ഇനത്തിലും സപ്ലിമെന്ററി ഡിമാൻഡ് ഫോർ ഗ്രാന്റ് 2015-16-ൽ മൂന്നാമത്തെ ബാച്ചിൽ ഉൾപ്പെടുത്തി മെമ്പർ സെക്രട്ടറിക്ക് പുതിയ കാർ വാങ്ങുന്ന ഇനത്തിൽ 9,18,000/- രൂപയും സർക്കാർ അനുവദിക്കുകയുണ്ടായി. മറ്റ് ശീർഷകങ്ങളിലെ ചെലവുകൾ നിലവിലുണ്ടായിരുന്ന തുകയിൽ പരിമിതപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

(ഖണ്ഡിക 30 മുതൽ 32 വരെ സർക്കാർ കത്ത് നമ്പർ 13697/എച്ച്1/2016/നിയമം, തീയതി 12-7-2016.)

## ശിപാർശ

2014-00-114-98 - ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും

28 - തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ശമ്പളവും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പ്രതിഫലവും ലീഗൽ അസിസ്റ്റന്റുമാരുടെ വാർഷിക ശമ്പള ആനുപാതിക വർദ്ധനവും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. കൂടാതെ ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്കുള്ള വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള വേതന ഇനത്തിലും വാഹനത്തിനുള്ള ഇന്ധന ചെലവിനത്തിലുമുള്ള ചെലവും പ്രതീക്ഷിക്കുന്നതിനാൽ ബഡ്ജറ്റിലെ വിഹിതം പര്യാപ്തമാവുകയില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1,46,65,000 രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

## സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 30.06.2015 - ലെ 15022/എം.സി-I/2015/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പ് വഴി അധിക തുക അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 14751/പാർല/2015/നിയമം തീയതി 17.9.2015)

## ശിപാർശ

2014-00-114-99 - ലാ ഓഫീസർമാർ

ഈ ശീർഷകത്തിലെ അവധിയാത്രാനുകൂല്യം, വെള്ളക്കരം, മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും, മറ്റു ചെലവുകൾ, പി.ഒ.എൽ. എന്നീ ഉപശീർഷകങ്ങളിലായി ബഡ്ജറ്റിൽ വകയിരുത്തിയ തുക തുലോം കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 04-4-അവധിയാത്രാനുകൂല്യം 4,90,000 രൂപ, 05-1- വെള്ളക്കരം 1,00,000 രൂപ, 21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും 3,35,000 രൂപ, 34-മറ്റ് ചെലവുകൾ 3,00,00,000 രൂപ, 45-പി.ഒ.എൽ. 3,50,000 രൂപ എന്നിങ്ങനെ ഓരോ ഇനത്തിലും അധിക തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

## സർക്കാർ സ്വീകരിച്ച നടപടി

വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 14751/പാർല/2015/നിയമം തീയതി 17.9.2015)

## ശിപാർശ

2014-00-116-99 - സംസ്ഥാന ഭരണ നിർവ്വഹണ മധ്യസ്ഥ കോടതി

സംസ്ഥാന ഭരണ നിർവ്വഹണ മധ്യസ്ഥ കോടതിയുടെ സുഗമമായ പ്രവർത്തനത്തിനായി വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, 01-ശമ്പളം എന്ന ശീർഷകത്തിൽ 50,00,000 രൂപയും 02-വേതനം എന്ന ശീർഷകത്തിൽ 3,64,000 രൂപയും, 04-1 യാത്രാബത്ത എന്ന ശീർഷകത്തിൽ 1,62,000 രൂപയും, 04-4 അവധിയാത്രാനുകൂല്യം എന്ന ശീർഷകത്തിൽ 42,000 രൂപയും, 05-2 വൈദ്യുതി ചാർജ് എന്ന ശീർഷകത്തിൽ 1,20,000 രൂപയും 05-4- മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 17,30,000 രൂപയും 18 - സംരക്ഷണം എന്ന ശീർഷകത്തിൽ 99,000 രൂപയും, 21-2-മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണിയും എന്ന ശീർഷകത്തിൽ 2,46,000 രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

## സർക്കാർ സ്വീകരിച്ച നടപടികൾ

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ 2015-16-ലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ വിവിധ ശീർഷകങ്ങളിലായി 3,75,000/- രൂപ 16-2-2016-ൽ അനുവദിച്ചു. ഇതിനു പുറമെ 2 ഉത്തരവുകളിലായി റീ-അപ്രോപ്രിയേഷൻ മുഖേന 85,000/- രൂപയും 93,000/- രൂപയും യഥാക്രമം 1-3-2016, 16-3-2016 തീയതികളിൽ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

## അനുബന്ധം

## STATEMENT SHOWING ALLOTMENT OF ADDITIONAL FUNDS TO KERALA ADMINISTRATIVE TRIBUNAL DURING THE FINANCIAL YEAR 2015-16.

## (ADDITIONAL AUTHORISATION)

| Sl. No. | Head of Account | Additional Authorization | Remarks |
|---|---|---|---|
| 1 | 2014-116-99-04-MRI | 50,000/- | G.O.(Rt) 1537/2016/Fin Dated 16.2.2016 |
| 2 | 2014-116-99-02-Wages | 2,00,000/- | |
| 3 | 2014-116-99-01-Tour TA | 25,000/- | |
| 4 | 2014-116-99-03-Telephone charges | 25,000/- | |
| 5 | 2014-116-99-02-Repairs & maintenance | 75,000/- | |

## REAPPROPRIATION

| G.O. NUMBER | AMOUNT |
|---|---|
| G.O.(Rt) 1922/2016/Fin dated 1-3-2016 | 85,000/- |
| G.O.(Rt) 2444/2016/Fin dated 16-3-2016 | 93,000/- |

## ശിപാർശ

കമ്മീഷനിൽ പുതുതായി ചുമതലയേൽക്കുന്ന ജുഡീഷ്യൽ അംഗത്തിന്റെ ആവശ്യത്തിലേയ്ക്കായും എറണാകുളം അഡീഷണൽ ബഞ്ചിന്റെ ഉപയോഗത്തിലേയ്ക്കും ഓരോ കാർ വാങ്ങുന്നതിന് 34,00,000 രൂപ 21-1- വാഹനം വാങ്ങൽ എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

## സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഇപ്രകാരമാണ്.

" 2014-00-116-99-21-1 ശീർഷകത്തിൽ തുക ആവശ്യമെങ്കിൽ ആവശ്യമായ തുകയ്ക്കുള്ള ഭരണാനുമതി ധനകാര്യ വകുപ്പിന്റെ അനുമതിയോടെ പുറപ്പെടുവിച്ച ശേഷം വിശദാംശങ്ങൾ സഹിതം ഉപധനാഭ്യർത്ഥന ശിപാർശ സമർപ്പിക്കുകയാണെങ്കിൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്."

കമ്മീഷനിൽ പുതുതായി ചുമതലയേൽക്കുന്ന ജുഡീഷ്യൽ അംഗത്തിന്റെ ആവശ്യത്തിലേക്കായും എറണാകുളം അഡീഷണൽ ബഞ്ചിന്റെ ഉപയോഗത്തിലേക്കും ഓരോ കാർ വാങ്ങുന്നതിന് 34,00,000/- രൂപ അനുവദിക്കണമെന്നതാണ് സമിതിയുടെ ശിപാർശ. എന്നാൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിൽ ഉപയോഗത്തിലിരിക്കുന്ന വാഹനങ്ങൾ 2011-12 കാലഘട്ടത്തിൽ വാങ്ങിയതാകയാൽ ഇടയ്ക്കിടെ അറ്റകുറ്റപ്പണികൾ ആവശ്യമായി വരുന്നുണ്ടെന്നും പുതിയ മൂന്ന് കാറുകൾ വാങ്ങുന്നതിനായി ഏകദേശം 50 ലക്ഷം രൂപയുടെ ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാർ കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത ഫയലിൽ നടപടികൾ സ്വീകരിച്ച് വരുന്നു.

(ഖണ്ഡിക 35, 36 - സർക്കാർ കത്ത് നം. 15008/എ.ആർ 12(2)/2015/ഉഭപവ, തീയതി - 15-3-2016 & 23-4-2016)

**ശിപാർശ**

**ശീർഷകം 2015-00-103-99**:- 2015-16 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി വകുപ്പ് 50,04,54,000 രൂപയുടെ നിർദ്ദേശങ്ങളാണ് നൽകിയിരുന്നത്. മുൻ സാമ്പത്തിക വർഷത്തിൽ ബൂത്ത് ലെവൽ ഓഫീസർമാർക്ക് നൽകേണ്ട വാർഷിക പ്രതിഫലം ഫണ്ടിന്റെ അഭാവത്തിൽ നൽകാൻ സാധിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ 15,42,53,000 രൂപയുടെ ബാധ്യത നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ, ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റത്തിന് ഈ വർഷം നടത്താനുദ്ദേശിച്ചിട്ടുള്ള കേന്ദ്രീകൃത ഡേറ്റാ മാനേജ്മെന്റിനും അതിന്റെ മെയിന്റനൻസിനുമായി അധികച്ചെലവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ട 50,04,54,000 രൂപയിൽ ശേഷിക്കുന്ന 21,78,84,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

(ഖണ്ഡിക 43)

**സർക്കാർ സ്വീകരിച്ച നടപടി**

സമിതി ശിപാർശ ചെയ്യതിൻ പ്രകാരവും ഇലക്ഷൻ കമ്മീഷൻ ഓഫ് ഇൻഡ്യ നടപ്പാക്കിയ വോട്ടർ പട്ടിക ശുദ്ധീകരണത്തിനുമായി 19-9-2015-ലെ സ.ഉ. (സാധാ) നം. 8321/2015/ധന നമ്പർ ഉത്തരവു പ്രകാരം 2015-00-103-99 എന്ന ശീർഷകത്തിൽ 1,50,000/- രൂപയും 2015-00-103-99 എന്ന ശീർഷകത്തിൽ 38,54,00,000/- രൂപയും (മുപ്പത്തിയെട്ടു കോടി അൻപത്തിനാല് ലക്ഷം മാത്രം) അടക്കം മൊത്തം 38,55,50,000/- രൂപ (മുപ്പത്തിയെട്ടു കോടി അൻപത്തിയഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ചു.

**ശിപാർശ**

**ശീർഷകം 2015-00-105-99**:- 2014 ലെ ലോക്സഭാ ഇലക്ഷനുമായും പാർലമെന്റ് തെരഞ്ഞെടുപ്പുമായും ബന്ധപ്പെട്ട ക്ലെയിമുകൾ തീർപ്പാക്കുന്നതിലേയ്ക്ക് ഈ ശീർഷകത്തിൽ 1,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

(ഖണ്ഡിക 44)

## സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്തതിൻ പ്രകാരം 1,00,00,000 രൂപ ലഭിക്കുന്നതിനായി ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിച്ചുവെങ്കിലും, അധിക തുക അനുവദിക്കുവാൻ സാധിച്ചില്ല. എന്നാൽ ഈ ശീർഷകത്തിൽ നേരത്തെ ലഭ്യമായിരുന്ന തുകയിൽ നിന്നും 2014-ലെ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കുടിശ്ശികയായിരുന്ന ചിലവുകൾ എല്ലാം നടത്തിയിട്ടുണ്ട്.

## ശിപാർശ

**ശീർഷകം 2015-00-106-99**:- അരുവിക്കര നിയോജക മണ്ഡലത്തിലെ ഉപ തെരഞ്ഞെടുപ്പ് നടത്തേണ്ടതിനും 2016 ലെ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രാരംഭച്ചെലവിനുമായി 3,00,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

(ഖണ്ഡിക 45)

## സർക്കാർ സ്വീകരിച്ച നടപടി

അരുവിക്കര തെരഞ്ഞെടുപ്പിലെ ചെലവുകൾ വഹിക്കുന്നതിനായി 30-5-2015 തീയതിയിലെ സ.ഉ.(സാധാ) നം.5251/2015/ധന. 24-6-2015 തീയതിയിലെ 5943/2015/ധന നമ്പർ ഉത്തരവുകൾ പ്രകാരം 54,50,000/- രൂപ (അൻപത്തി നാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ലഭ്യമായിരുന്നു.

## ശിപാർശ

**ശീർഷകം 2015-00-108-99**:-കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം നടത്തിവരുന്ന നാഷണൽ ഇലക്ടറൽ റോൾ പ്യൂരിഫിക്കേഷൻ ആന്റ് ഓതന്റിക്കേഷൻ പ്രോഗ്രാം (NERPAP) പ്രകാരം ഇലക്ടറൽ റോളിന്റെ ശുദ്ധീകരണ പ്രക്രിയയും സമ്മതിദായകർക്ക് ഫോട്ടോ പതിച്ച പ്ലാസ്റ്റിക് ഇലക്ടറൽ തിരിച്ചറിയൽ കാർഡ് വിതരണവും നടന്നുവരുന്നതായി സമിതി മനസ്സിലാക്കുന്നു. നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 12,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശചെയ്യു.

(ഖണ്ഡിക 46)

## സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്തതിൻ പ്രകാരം 12,00,00,000 രൂപ ലഭിക്കുന്നതിനായി ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിച്ചുവെങ്കിലും, അധിക തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

(ഖണ്ഡിക 43 മുതൽ 46 വരെ - സർക്കാർ കത്ത് നം. 2449/ഇഎ I/2015/ഇലക്. തീയതി - 11-7-2016)

## ശിപാർശ

2055 - പോലീസ്

2015 - 16 സാമ്പത്തിക വർഷത്തെ ബജറ്റിൽ പോലീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി വിവിധ മൈനർ ഹെഡുകളിലായി ആകെ 2961.6372 കോടി രൂപ പദ്ധതിയേതര ഇനത്തിലും 57.00 കോടി രൂപ പദ്ധതി ഇനത്തിലും വകയിരുത്തിയിട്ടുണ്ട്. പദ്ധതിയേതര ഇനത്തിൽ വിവിധ കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് 02 - വേതനം -2,49,82,000 രൂപ, 04-1 - യാത്രാബത്ത -17,65,36,000 രൂപ, 05-4 - മറ്റിനങ്ങൾ - 2,06,98,000 രൂപ, 12 - സ്കോളർഷിപ്പും സ്റ്റൈപന്റും -4,65,00,000 രൂപ, 17 - ചെറുകിട മരാമത്ത് പണികൾ - 26,90,000 രൂപ, 21-2 വാഹനങ്ങളുടെ അറ്റകുറ്റപ്പണി 1,98,65,000 രൂപ, 34 - മറ്റ് ചെലവുകൾ - 3,10,27,000 രൂപ, 45- പി.ഒ.എൽ - 19,35,14,000 രൂപ എന്നിങ്ങനെ ഓരോ കണക്കിനത്തിലും തുക അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

## സർക്കാർ സ്വീകരിച്ച നടപടി

02 - വേതനം : ഈ കണക്കിനത്തിൽ മൂന്ന് ലക്ഷം രൂപ അധികമായി നൽകിയിട്ടുണ്ട്.

04 - 1 - യാത്രാബത്ത

മേൽ ശീർഷകത്തിൽ 1.67 കോടി രൂപ അധികമായി ലഭ്യമാക്കിയിട്ടുണ്ട്.

05 - 4 - മറ്റിനങ്ങൾ

ഈ ശീർഷകത്തിൽ 34 ലക്ഷം രൂപ അധികമായി ലഭ്യമാക്കിയിട്ടുണ്ട്.

12 - സ്കോളർഷിപ്പും, സ്റ്റൈപെന്റും

ടി ശീർഷകത്തിൽ 1.05 കോടി രൂപ അധികമായി ലഭ്യമാക്കിയിട്ടുണ്ട്.

17 - ചെറുകിട മരാമത്ത് പണികൾ

ഈ ശീർഷകത്തിൽ 17 ലക്ഷം രൂപ അധികമായി ലഭ്യമാക്കിയിട്ടുണ്ട്.

21 - 2 -വാഹനങ്ങളുടെ അറ്റകുറ്റപണി

മേൽ ശീർഷകത്തിൽ 11.70 ലക്ഷം അധികമായി ലഭ്യമായിട്ടുണ്ട്.

34 - മറ്റ് ചെലവുകൾ

ടി ശീർഷകത്തിൽ വിവിധ മൈനർ ഹെഡുകളിലായി 2.19 കോടി രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

45 - പി.ഒ.എൽ.

ടി ശീർഷകത്തിൽ 23 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

4055-00-207-96- പുതിയ പോലീസ് സ്റ്റേഷനുകൾ

ഈ ശീർഷകത്തിൽ 1000 രൂപ മാത്രമാണ് നടപ്പ് സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ളത്. ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ച തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി കേന്ദ്രമായുള്ള പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി 67,36,406 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

**സർക്കാർ സ്വീകരിച്ച നടപടി**

മണ്ണുത്തി പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി 46,64,000 രൂപ 2015-16 സാമ്പത്തിക വർഷത്തിലും 13,86,000 രൂപ നടപ്പു സാമ്പത്തിക വർഷത്തിലും ലഭിച്ചിട്ടുണ്ട്.

**ശിപാർശ**

4055-00-800-94- പോലീസ് സ്റ്റേഷനുകളും ക്വാർട്ടേഴ്സുകളും മറ്റ് കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് വസ്തു വാങ്ങൽ

ഈ ശീർഷകത്തിൽ 1000 രൂപ മാത്രമാണ് നടപ്പു സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ളത്. കണ്ണവം, മുഴിയാർ പോലീസ് സ്റ്റേഷനുകളുടെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് യഥാക്രമം 6,62,253 രൂപ 7,73,142 രൂപ വനം വകുപ്പ്, കെ.എസ്.ഇ.ബി. എന്നിവയ്ക്ക് നൽകാനുള്ളതിനാൽ പ്രസ്തുത തുകകൾ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

## സർക്കാർ സ്വീകരിച്ച നടപടി

കണ്ണവം പോലീസ് സ്റ്റേഷന്റെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 4055-800-94 എന്ന ശീർഷകത്തിൽ 6,62,000/- രൂപ ലഭ്യമായിട്ടുള്ളത് വനം വകുപ്പിന് കൈമാറിയിട്ടുണ്ട്.

മുഴിയാർ പോലീസ് സ്റ്റേഷന്റെ സ്ഥലം ഏറ്റെടുക്കലിനായി 4055-00-800-94 എന്ന ശീർഷകത്തിൽ 7,74,000 രൂപ നടപ്പു സാമ്പത്തിക വർഷം ലഭിച്ചിട്ടുണ്ട്.
(ഖണ്ഡിക 49 മുതൽ 51 വരെ - സർക്കാർ കത്ത് നം. 59133/ഇ 4/2015/ആഭ്യന്തരം, തീയതി - 26-9-2016)

## ശിപാർശ

**2062-00-103-99-കേരള ലോകായുക്ത**:- ഈ ശീർഷകത്തിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വേതനം, യാത്രാബത്ത, സ്ഥലം മാറ്റബത്ത, വൈദ്യുതി ചാർജ്, മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും, മറ്റു ചെലവുകൾ, പി.ഒ.എൽ എന്നീ കണക്കിനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. ആയതിനാൽ ഈ കണക്കിനങ്ങളിൽ താഴെപ്പറയും പ്രകാരം അധികമായി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 01 - 4 - മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | - 2,30,000 രൂപ |
| 02 - വേതനം | - 5,00,000 രൂപ |
| 04 - 1 - യാത്രാബത്ത | - 1,00,000 രൂപ |
| 04 - 2 - സ്ഥലംമാറ്റ ബത്ത | - 1,90,000 രൂപ |
| 05 - 2 - വൈദ്യുതിചാർജ് | - 1,20,000 രൂപ |
| 21 - 2 - സംരക്ഷണവും അറ്റകുറ്റപ്പണികളും | - 2,36,000 രൂപ |
| 34 - മറ്റ് ചെലവുകൾ | - 1,00,000 രൂപ |
| 45 - പി. ഒ. എൽ. | - 2,00,000 രൂപ |

(ഖണ്ഡിക 52)

## സർക്കാർ സ്വീകരിച്ച നടപടി

സ്ഥലംമാറ്റ ബത്ത ഇനത്തിൽ 15-10-2015-ലെ സ.ഉ(സാധാ) നമ്പർ 9070/15/ഫിൻ നമ്പർ ഉത്തരവ് പ്രകാരം 65,000/- രൂപയും വേതനം, വൈദ്യുതി ചാർജ്ജ്, വാഹന സംരക്ഷണവും അറ്റകുറ്റ പണികളും, പി.ഒ.എൽ. എന്നീ ഇനങ്ങളിൽ 13/1/16 സ.ഉ.(സാധാ) നമ്പർ 320/16/ഫിൻ നമ്പർ ഉത്തരവ് പ്രകാരം 1,70,000/-, 70,000/-, 1,65,000/-, 75,000/- രൂപയും അനുവദിച്ചിട്ടുണ്ട്. മെഡിക്കൽ റീഇംബേഴ്സ്മെന്റ്, യാത്രാ ബത്ത, മറ്റു ചെലവുകൾ എന്നീ ഇനങ്ങളിൽ ഈ സാമ്പത്തിക വർഷം അധിക തുക ആവശ്യമില്ലായെന്ന് ലോകായുക്ത അറിയിച്ചതിനാൽ അനുവദിച്ചിട്ടില്ല.

## ശിപാർശ

**05-4-മറ്റിനങ്ങൾ**

2015-16 വർഷത്തേയ്ക്ക് ഈ ശീർഷകത്തിൽ 25,00,000 രൂപ ആവശ്യപ്പെട്ടതിൽ 6 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. പുതുതായി സ്ഥാനമേൽക്കുന്ന ഉപലോകായുക്തയുടെ ഔദ്യോഗിക വസതി നവീകരിക്കുന്നതിന് 3,00,000 രൂപയുടെ ചെലവും ഹോം ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിന് 1,80,000 രൂപയുടെ ചെലവും ലോകായുക്തയുടെയും ഉപലോകായുക്തയുടെയും ഓഫീസ് മുറികളിലെ ശീതീകരണ യന്ത്രങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനായി 3,25,000 രൂപയുടെ ചെലവും കോടതിയുടെ ഡയസ് നവീകരിക്കുന്നതിനായി 5,00,000 രൂപയുടെ ചെലവും ഓഫീസ് കെട്ടിടം വാടക കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് 7,00,000 രൂപയുടെ ചെലവും നടപ്പു സാമ്പത്തിക വർഷം ഉണ്ടാകുമെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ 19,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

## സർക്കാർ സ്വീകരിച്ച നടപടി

ഉപലോകായുക്തയുടെ ഔദ്യോഗിക വസതി നവീകരിക്കുന്നതിനായി ഹോം ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിന് 4,80,000 രൂപയുടെ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ആവശ്യങ്ങൾക്കായി 29-3-2016-ലെ സ.ഉ(ആർ.റ്റി.) 3066/2016/ഫിൻ ഉത്തരവ് പ്രകാരം 4,40,000/- രൂപ ധന

പുനർവിനിയോഗത്തിലൂടെ അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് 2015-16 സാമ്പത്തിക വർഷം അവസാനിച്ചതിനു ശേഷമാണ് ലോകായുക്തയിൽ ലഭിച്ചത്. ആയതിനാൽ തുക വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. (4,40,000/- രൂപ റെഡ്യൂസ് ചെയ്ത ഹെഡ് ഓഫ് അക്കൗണ്ടിൽ അതുകാരണം ചിലവായിട്ടില്ല. ആയതുൾപ്പെടെ സേവിംഗ്സ് സറണ്ടർ ചെയ്യാനുള്ള പ്രൊപ്പോസൽ ധന വകുപ്പിന് നൽകിയിട്ടുണ്ട്). ലോകായുക്തയുടെയും ഉപലോകായുക്തയുടെയും ഓഫീസ് മുറികളിലെ ശീതീകരണ യന്ത്രങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനായി 12-2-2016 തീയതിയിലെ 39/16/വിജി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2,42,000/- രൂപ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് അനുവദിച്ചിട്ടുണ്ട്.

ലോകായുക്തയുടെ ഓഫീസ് കെട്ടിടം വാടക കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള ഭരണപരമായ തീരുമാനം ഇനിയും എടുത്തിട്ടില്ലാത്തതിനാൽ ടി തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

## ശിപാർശ

06 - വാടക, കരം, നികുതി

ലോകായുക്ത, രജിസ്ട്രാർ എന്നിവരുടെ ഔദ്യോഗിക വസതികൾക്ക് പ്രതിമാസ വാടക യഥാക്രമം 29,000 രൂപ, 16,750 രൂപ എന്നിവയുടെ ചെലവും ഓഫീസ് കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിന് പ്രതിമാസം 3,00,000 രൂപയുടെ ചെലവും പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 41,49,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

## സർക്കാർ സ്വീകരിച്ച നടപടി

വാടക, കരം, നികുതി എന്നീ ഇനത്തിൽ 10-8-2015 തീയതിയിലെ 7285/15/ഫിൻ സർക്കാർ ഉത്തരവ് പ്രകാരം 5,46,000/- രൂപ അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

21-1 മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ

നടപ്പുവർഷം ബജറ്റ് വിഹിതമായി തുകയൊന്നും അനുവദിച്ചിട്ടില്ല. ഇൻവെസ്റ്റിഗേഷൻ ഏജൻസിയിലെ പോലീസ് ഉദ്യോഗസ്ഥർ ഉപയോഗിച്ച

കൊണ്ടിരിക്കുന്ന മഹീന്ദ്ര ജീപ്പിന്റെ കാലാവധി കഴിഞ്ഞതിനാൽ പുതിയ വാഹനം വാങ്ങുന്നതിനായി 8,00,000 രൂപയും ലോകായുക്തയുടെ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന് ഔദ്യോഗിക വാഹനം വാങ്ങുന്നതിനായി 15,00,000 രൂപയും വിവിധ ജില്ലകളിലെ ക്യാമ്പ് സിറ്റിംഗിനായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് യാത്ര ചെയ്യുന്നതിന് ഒരു പുതിയ വാഹനം വാങ്ങുന്നതിനായി 8,00,000 രൂപയും കേരള ലോകായുക്ത രജിസ്ട്രാർ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന അംബാസഡർ കാർ പഴക്കം ചെന്നതിനാൽ ദൈനംദിനാവശ്യത്തിന് ഒരു സ്വിഫ്റ്റ് ഡിസയർ കാർ വാങ്ങുന്നതിന് 8,00,000 രൂപയും ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ പ്രസ്തുത ആവശ്യങ്ങളിലേയ്ക്ക് ആകെ 39,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

## സർക്കാർ സ്വീകരിച്ച നടപടി

ഇൻവെസ്റ്റിഗേഷൻ ഏജൻസിയിലെ പോലീസ് ഉദ്യോഗസ്ഥർക്ക് ഉപയോഗിക്കുന്നതിനായി മഹീന്ദ്ര ജീപ്പ് വാങ്ങുന്നതിന് 8 ലക്ഷം രൂപയുടെ പ്രൊപ്പോസൽ, ലോകായുക്ത രജിസ്ട്രാർക്ക് വാഹനം വാങ്ങുന്നതിന് 8 ലക്ഷം രൂപയുടെ പ്രൊപ്പോസൽ, ലോകായുക്തയിലെ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിനും വിവിധ ജില്ലകളിലെ ക്യാമ്പ് സിറ്റിംഗിനായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് വേണ്ടിയും വാഹനം വാങ്ങുന്നതിനും പ്രൊപ്പോസലുകൾ സമർപ്പിച്ചെങ്കിലും സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലായതിനാൽ ടി തുകകൾ അനുവദിക്കുകയുണ്ടായിട്ടില്ല.

## ശിപാർശ

2062-00-104-99- വിജിലൻസ്

04-1 - യാത്രാബത്ത

മുൻ വർഷത്തെ യാത്രാബത്ത കുടിശ്ശിക നൽകാനുള്ളതിനാൽ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 90,00,000 രൂപ പര്യാപ്തമാകുകയില്ലായെന്ന് സമിതി മനസ്സിലാക്കുന്നു.

ഈ ശീർഷകത്തിൽ 20,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

04-4 - <u>അവധിയാത്രാനുകൂല്യം</u>

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 5,02,000 രൂപ തികച്ചും അപര്യാപ്തമായതിനാൽ 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

05 - 4 - <u>മറ്റിനങ്ങൾ</u>

വിജിലൻസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസിനും ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിനുമായി അധിക തുക ആവശ്യമായി വരുന്നു. ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

06 - <u>വാടക - കരം - നികുതി</u>

സ്പെഷ്യൽ സെൽ, എറണാകുളം, പത്തനംതിട്ട, പാലക്കാട്, വയനാട് കണ്ണൂർ എന്നീ ഓഫീസുകളുടെ കുടിശ്ശിക നൽകാനുള്ളതും മുൻവർഷം 10 ലക്ഷം രൂപ റീഅപ്രോപ്രിയേറ്റ് ചെയ്ത് ചെലവഴിച്ചതും ചെയ്തത് കണക്കിലെടുത്ത്, 10,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

15 - <u>രഹസ്യസേവന ചെലവുകൾ</u>

വിജിലൻസുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇന്റലിജൻസ് ശേഖരിക്കുന്നതിനും അടിയന്തരവും മറ്റു ശീർഷകങ്ങളിൽ നിന്ന് ചെലവഴിക്കാൻ സാധിക്കാത്തതുമായ വിജിലൻസ് അന്വേഷണം/വിജിലൻസ് കേസ് അന്വേഷണം എന്നിവയ്ക്ക് രഹസ്യസേവന ചെലവുകൾ ആവശ്യമായി വരുന്നു. വിജിലൻസിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

## സർക്കാർ സ്വീകരിച്ച നടപടി

(ഖണ്ഡിക 56 മുതൽ 60 വരെ)

വിജിലൻസിന് അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

## ശിപാർശ

2062-00-105-94 -എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം

ഓഫീസ് കെട്ടിട വാടകയും വാടക കുടിശ്ശികയും ജഡ്ജിയുടെ ഔദ്യോഗിക വസതിയുടെ വാടകയും കൂടി 7,60,000 രൂപയുടെ ചെലവ് നടപ്പ് സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നതിനാൽ ഈ ഇനത്തിൽ അനുവദിച്ച 3,60,000 രൂപയ്ക്ക് പുറമേ 4,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

## സർക്കാർ സ്വീകരിച്ച നടപടി

കോട്ടയം ഇ.സി & എസ്.ജെ യുടെ ഓഫീസ് കെട്ടിടത്തിന്റെ വാടക പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിൽ അന്തിമ തീരുമാനം ആയിട്ടില്ലാത്തതിനാൽ പ്രസ്തുത ഇനത്തിൽ നിന്നും തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

## ശിപാർശ

സ്ഥലംമാറ്റബത്തയിനത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ഇനത്തിൽ 1,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

## സർക്കാർ സ്വീകരിച്ച നടപടി

14-1-2016 തീയതിയിലെ 378/16/ഫിൻ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ ഇനത്തിൽ 75,000/- രൂപ അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2062-00-105-95- എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോഴിക്കോട്

പുതുതായി ചുമതലയേൽക്കുന്ന ജഡ്ജിയുടെ താമസസൗകര്യത്തിനും, കെട്ടിട ഉടമയ്ക്ക് വാടക പുതുക്കി നൽകുന്നതിനും പുതിയ ജഡ്ജിയ്ക്ക് സ്ഥലംമാറ്റ ബത്ത നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൻ കീഴിൽ വിവിധ ഇനങ്ങളിലായി അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 01-ശമ്പളം ഇനത്തിൽ 3,00,000 രൂപയും 02 വേതനം ഇനത്തിൽ

50,000 രൂപയും, 04(2) സ്ഥലം മാറ്റബത്ത ഇനത്തിൽ 1,00,000 രൂപയും 06-വാടക, കരം, നികുതി ഇനത്തിൽ 6,75,000 രൂപയും (കെട്ടിട വാടകയ്ക്ക് 2,00,000 രൂപയും കെട്ടിട വാടക പുതുക്കുന്നതിലേയ്ക്ക് 4,75,000 രൂപയും) ചേർത്ത് ആകെ 11,25,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

**സർക്കാർ സ്വീകരിച്ച നടപടി**

ഇ.സി. & എസ്.ജെ. കോഴിക്കോട് ഓഫീസുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി ശിപാർശയിന്മേൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

**ശിപാർശ**

2062-00-105-96 - എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം.

99 - വിവരസാങ്കേതിക വിദ്യ

കമ്പ്യൂട്ടറുകളുടെ വാർഷിക റിപ്പയറിംഗ്, ഇന്റർനെറ്റ് കണക്ഷൻ എന്നിവയ്ക്കായി 1 ലക്ഷം രൂപ വകപ്പ് ആവശ്യപ്പെട്ടിരുന്നെങ്കിലും 15,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക തുലോം കുറവായതിനാൽ ഈ ശീർഷകത്തിൽ 85,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

**സർക്കാർ സ്വീകരിച്ച നടപടി**

കമ്പ്യൂട്ടറുകളുടെ വാർഷിക റിപ്പയറിംഗ്, ഇന്റർനെറ്റ് കണക്ഷൻ മുതലായവയ്ക്ക് വേണ്ടി സമിതി ശിപാർശ ചെയ്ത അധിക തുകയായ 85,000/- രൂപ ആവശ്യമില്ലെന്ന് അറിയിച്ചതിനാൽ പ്രസ്തുത തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

**ശിപാർശ**

2062-00-105-99 - വിജിലൻസ് ട്രിബ്യൂണൽ, തിരുവനന്തപുരം

2012-13 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വാടക കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിലെ 06-വാടക, കരം, നികുതി ഇനത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

## സർക്കാർ സ്വീകരിച്ച നടപടി

19-1-2016-ലെ സ.ഉ. (സാധാ) 525/16/ഫിൻ ഉത്തരവ് പ്രകാരം വാടക കടിശ്ശിക നൽകുന്നതിനായി 23,57,000/- അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

(ഖണ്ഡിക 52 മുതൽ 65 വരെ - സർക്കാർ കത്ത് നം. 8358/സി3/2015/വിജി, തീയതി - 30-7-2016)

## ശിപാർശ

2070-00-003-97 - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

35 - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36 - സഹായധനം - ശമ്പളേതരം

ഐ.എം.ജി. തിരുവനന്തപുരം, ബാർട്ടൻ ഹിൽ കാമ്പസിൽ എക്സിക്യൂട്ടീവ് ഹോസ്റ്റലിന്റെ ഫർണിഷിംഗിന് ആവശ്യമായ തുക, കൊച്ചി, കോഴിക്കോട് റീജിയണൽ സെന്ററുകളിലെ മൂലധന ചെലവുകൾക്കായുള്ള തുക, കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിലെ ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള തുക എന്നിവയ്ക്ക് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 17,90,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

## സർക്കാർ സ്വീകരിച്ച നടപടി

ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം ആയതിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങളും അധികമായി ആവശ്യമായ തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങളും അവയുടെ ആവശ്യകത സംബന്ധിച്ച വിശദീകരണങ്ങളും ടി ശീർഷകത്തിലെ മുൻവർഷത്തെ ചെലവും സഹിതം തുല്യമായ തുക ഗ്രാന്റിനുള്ളിൽ സേവിംഗ്സ് കണ്ടെത്തി വ്യക്തമായ ശിപാർശ സമർപ്പിക്കുന്നപക്ഷം ആവശ്യമായ തുക ധനപുനർവിനിയോഗം വഴി അനുവദിക്കുന്ന കാര്യം പരിഗണിക്കാമെന്ന് ഐ.എം.ജിയെ അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 12738/എ.ആർ13(1)/2015/ഉഭപവ തീയതി 28.10.2015)

**ശിപാർശ**

31 - സഹായധനം - ശമ്പളം

യു.ജി.സി. നടപ്പിലാക്കിയ ജീവനക്കാർക്കുള്ള കുടിശ്ശിക തുക നൽകുമ്പോൾ വരുന്ന അധിക ബാദ്ധ്യത കൂടിയുള്ളതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമാകുകയില്ല. ആയതിനാൽ 6,42,92,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

**സർക്കാർ സ്വീകരിച്ച നടപടി**

ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം ആയതിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങളും അധികമായി ആവശ്യമായ തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങളും അവയുടെ ആവശ്യകത സംബന്ധിച്ച വിശദീകരണങ്ങളും ടി ശീർഷകത്തിലെ മുൻവർഷത്തെ ചെലവും സഹിതം തുല്യമായ തുക ഗ്രാന്റിനുള്ളിൽ സേവിംഗ്സ് കണ്ടെത്തി വ്യക്തമായ ശിപാർശ സമർപ്പിക്കുന്നപക്ഷം ആവശ്യമായ തുക ധനപുനർവിനിയോഗം വഴി അനുവദിക്കുന്ന കാര്യം പരിഗണിക്കാമെന്ന് ഐ.എം.ജിയെ അറിയിച്ചിട്ടുണ്ട്.
(സർക്കാർ കത്ത് നം. 12738/എ.ആർ13(1)/2015/ഉഭപവ തീയതി 28.10.2015)

**ശിപാർശ**

2070-00-107-99 - ഹോം ഗാർഡ്സ്

പോലീസിനേയും അഗ്നിശമനസേനയേയും സഹായിക്കാനായിട്ടാണ് ഹോം ഗാർഡുകളെ നിയമിച്ചിട്ടുള്ളത്. ഇവരുടെ എണ്ണം 3000 ത്തിൽ നിന്നും 5000 ആക്കി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നതിനാലും ഇവർക്ക് ദിവസവേതനം 400/- രൂപ എന്ന നിരക്കിൽ വർഷം മുഴുവൻ നൽകുന്നതിനും നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ കണക്കിനത്തിൽ 10,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

## സർക്കാർ സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തിൽ 33 കോടി രൂപയാണ് ഹോംഗാർഡുകൾക്ക് വേതനമായി വകയിരുത്തിയിട്ടുള്ളത്. സ.ഉ.(എം.എസ്.) 207/2015/ആഭ്യന്തരം തീയതി - 19-9-2015 പ്രകാരം ഇവർക്ക് ദിവസ വേതനം 400/- രൂപയിൽ നിന്ന് 500/- ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. അധിക തുകയായി 8 കോടി രൂപ അഡീഷണൽ ഫണ്ടിനായി ധനകാര്യ വകുപ്പിന് ശിപാർശ സമർപ്പിച്ചിരിക്കുന്നു.

## ശിപാർശ

2070-00-108-90 - ആധുനിക ജീവൻ രക്ഷാ സാമഗ്രികൾ, അഗ്നിപ്രതിരോധ വാഹനങ്ങൾ, ഉപകരണങ്ങൾ, എന്നിവയുടെ വാങ്ങൽ (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

കേന്ദ്രസർക്കാർ ഒറ്റത്തവണ അധിക കേന്ദ്ര സഹായമായി 2011-12 സാമ്പത്തിക വർഷത്തിൽ 17,73,19,000 രൂപ അനുവദിച്ചതിൽ 6,47,40,475 രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

## സർക്കാർ സ്വീകരിച്ച നടപടി

9-11-2015-ലെ സ.ഉ. (എം.എസ്)231/15/ആഭ്യ. ഉത്തരവ് പ്രകാരം ഒറ്റത്തവണ അധിക കേന്ദ്ര ധനസഹായം വിഹിതയിനത്തിൽ 924 ലക്ഷം രൂപ ചിലവഴിച്ച് അഗ്നിപ്രതിരോധ ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക് ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്.

## ശിപാർശ

2070-00-108-91 - അഗ്നിശമന സേനാ വകപ്പിലുള്ള ആസ്തി പരിശീലനം. ആസ്തി പരിപാലന ഫണ്ടിൽ നിന്നുള്ള ചെലവുകൾ

അഗ്നിശമനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളും, അത്യാധുനിക ഉപകരണങ്ങളും, വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും, വസ്തു വകകളും ഉൾപ്പെടുന്ന ആസ്തികൾ പരിപാലിക്കുന്നതിനും അഗ്നിശമനസേനയെ നവീകരിക്കുന്നതിനും സുസജ്ജമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനയിൽ അധിക തുക അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതാണ്.

**<u>ശിപാർശ</u>**

2070-00-108-92 - അഗ്നിശമനവും അടിയന്തര സർവ്വീസുകളും ശക്തിപ്പെടുത്തൽ

പതിനൊന്നാം പഞ്ചവത്സര പദ്ധതി പ്രകാരം രാജ്യത്തെ അഗ്നിശമന സേനയേയും അടിയന്തര സർവ്വീസുകളേയും ശക്തിപ്പെടുത്തുന്നതിനായുള്ള 75 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം 3,32,50,000 രൂപയാണ് കേരളത്തിന് വിഹിതമായി ലഭിച്ചത്. 2010 - 11 വർഷത്തിൽ 14,27,046 രൂപയും 2011-12 വർഷത്തിൽ 52,32,503 രൂപയും പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട്. 2012 - 13 വർഷത്തിൽ 2,63,67,000 രൂപ അനുവദിച്ചെങ്കിലും ആയത് ഭരണപരമായ കാലതാമസം മൂലം ചെലവഴിക്കാൻ കഴിഞ്ഞില്ലെന്നും തുടർന്നുള്ള വർഷങ്ങളിൽ പ്രസ്തുത തുക പുതുക്കി നൽകിയിരുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നടപ്പു സാമ്പത്തിക വർഷം പ്രസ്തുത തുക (2,63,67,000 രൂപ) പുതുക്കി അനുവദിച്ചു നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

കേന്ദ്ര സർക്കാരിന്റെ പതിനൊന്നാം പഞ്ചവത്സര പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള തുകയിൽ ചിലവഴിക്കാൻ കഴിയാതെ വന്ന 2,63,67,000/- രൂപ റീവാലിഡേറ്റ് ചെയ്ത് നൽകുന്നതിലേക്ക് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**<u>ശിപാർശ</u>**

2070 - 00 - 108 - 94 - <u>അഗ്നിശമന സേനാ വകുപ്പിന്റെ നവീകരണം</u>

സേനയുടെ നവീകരണത്തിനായി ബൃഹത്തായ കർമ്മ പരിപാടികൾ ഓരോ സാമ്പത്തിക വർഷവും ആസൂത്രണം ചെയ്യുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം ഇവ നടപ്പാക്കാൻ സാധിക്കാതെ പോകുന്നതായി സമിതി വീക്ഷിച്ചു. അക്കാദമിക്ക് പദ്ധതിയേതര ഇനത്തിൽ 2 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും തുകയൊന്നും

അനുവദിച്ചിട്ടില്ലാത്തതിനാൽ അക്കാദമിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി നോൺ പ്ലാനിൽ 2,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

## സർക്കാർ സ്വീകരിച്ച നടപടി

രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനയിൽ അധിക തുക അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതാണ്.

## ശിപാർശ

2070 - 00 - 108 - 96 - മറ്റു ചെലവുകൾ

അഗ്നിശമന സേനാംഗങ്ങളുടെ വിശിഷ്ട സേവനത്തിന് പാരിതോഷികം നൽകുന്നതിന് വകുപ്പ് ആവശ്യപ്പെട്ട 5,00,000 രൂപയിൽ 1,00,000 രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ ഇതിലേയ്ക്ക് 4,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

## സർക്കാർ സ്വീകരിച്ച നടപടി

രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനയിൽ അധിക തുക അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതാണ്.

## ശിപാർശ

2070 - 00 - 108 - 97 - പരിശീലനം

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയെ ദേശീയ നിലവാരത്തിലുള്ളതാക്കി മാറ്റുന്നതിന് സർക്കാർ വിഭാവനം ചെയ്യുന്നു. പുതുതായി സർവ്വീസിൽ പ്രവേശിച്ച മിനിസ്റ്റീരിയൽ വിഭാഗം ഒഴികെയുള്ള എല്ലാ ജീവനക്കാർക്കുമുള്ള പരിശീലനം വിവിധ തസ്തികകളിലെ ജീവനക്കാരുടെ ഇൻ-സർവ്വീസ് പരിശീലനം, ഉദ്യോഗക്കയറ്റത്തിനായുള്ള യോഗ്യതാപരീക്ഷകളുടെ നടത്തിപ്പ്, ഹോംഗാർഡ്സിനുള്ള പരിശീലനം എന്നിവ അക്കാദമിയിൽ നടത്തി വരുന്നു. പുതിയ ഫയർമാൻമാരുടെ പരിശീലനം ആരംഭിക്കുന്ന സാഹചര്യത്തിൽ അക്കാദമിയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, പരിശീലനോപകരണങ്ങൾ വാങ്ങുന്നതിനും, അക്കാദമിയിൽ പഠനക്ലാസുകൾ

നയിക്കുന്ന വ്യക്തികൾക്ക് പ്രതിഫലം എന്നിവയ്ക്ക് അധികത്തുക വകയിരുത്തേണ്ടതുണ്ട്. ഫയർസർവ്വീസ് മേഖലയിൽ വിദേശത്തും കേരളത്തിനുപുറത്തും ഉദ്യോഗം നേടുന്നതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് നിലവാരമുള്ള കോഴ്സുകൾ നടത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വിവിധ കണക്കിനങ്ങളിലായി അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 01 - 4 മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ഇനത്തിൽ 3,00,000 രൂപയും 04 - - യാത്രാ ചെലവുകൾ എന്ന ഇനത്തിൽ - 2,50,000 രൂപയും 05 - 4 - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ - എന്ന ഇനത്തിൽ 1,00,000 രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനയിൽ അധിക തുക അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതാണ്.

**<u>ശിപാർശ</u>**

പുതിയ ഫയർമാൻമാരുടെ ട്രെയിനിംഗ് ആരംഭിക്കുന്ന സാഹചര്യത്തിൽ അക്കാദമിയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ട്രെയിനിംഗ് ഉപകരണങ്ങൾ വാങ്ങുന്നതിനും അക്കാദമിയിൽ ക്ലാസ് എടുക്കുന്ന വ്യക്തികൾക്ക് പ്രതിഫലം നൽകുന്നതിനുമായി 34 - മറ്റ് ചെലവുകൾ എന്ന ഇനത്തിൽ 50,00,000 രൂപ കൂടി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

8-10-2015 തീയതിയിലെ സ.ഉ.(ആർ.ടി.) നം. 2544/2015/ആഭ്യന്തരം ഉത്തരവ് പ്രകാരം കെ.ഇ 0020 പി.എ. ക്ക് പുതിയ ഫയർമാൻ ട്രെയിനികളുടെ പരിശീലനം നൽകിയ ഇനത്തിൽ ചെലവായ 31.25 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. ടി ശീർഷകത്തിൽ ഫണ്ട് വകയിരുത്തുന്നതിനും സമിതിയുടെ ശിപാർശ ഉൾപ്പെടുത്തി അഡീഷണൽ ഫണ്ടിനുമായി നടപടികൾ സ്വീകരിച്ചു വരുന്നു.

**ശിപാർശ**

2070-00-108-98-പ്രതിരോധവും നിയന്ത്രണവും (01) - ജില്ലാ ജീവനക്കാർ

ഈ ശീർഷകത്തിലെ വിവിധ കണക്കിനങ്ങളിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരം ഓരോ ഇനത്തിലും തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 01 - 4 - | മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | - 15,00,000 രൂപ |
| 02 - | വേതനം | - 10,00,000 രൂപ |
| 04 - | യാത്രാച്ചെലവുകൾ | - 70,00,000 രൂപ |
| 05 - | ഓഫീസ് ചെലവുകൾ | - 25,00,000 രൂപ |
| 17 - | ചെറുകിട മരാമത്ത് പണികൾ | - 50,00,000 രൂപ |
| 18 - | സംരക്ഷണം | - 50,00,000 രൂപ |
| 34 - 3 - | മറ്റ് ചെലവുകൾ - മറ്റിനം | - 20,00,000 രൂപ |

(ഖണ്ഡിക 85)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് ഗ്രാന്റിൽ അനുവദിച്ച തുകകൾ തീരുന്ന മുറയ്ക്ക് അഡീഷണൽ ഫണ്ടിനായി രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനയിൽ അധികതുക അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതാണ്.

**ശിപാർശ**

2070 - 00 - 108 - 99 - അഗ്നിപ്രതിരോധവും നിയന്ത്രണവും ഭരണവും നടത്തിപ്പും

05-4- ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

സംസ്ഥാനത്തൊട്ടാകെ രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സേനാംഗങ്ങളുടെ യൂണിഫോമിനും ചട്ടപ്രകാരം സുരക്ഷിതത്വത്തിനായി വാങ്ങി നൽകേണ്ട യൂണിഫോമിനും രക്ഷാപ്രവർത്തനത്തിനുമുള്ള യന്ത്രസാമഗ്രികളും വാഹനങ്ങളും വാങ്ങുന്നതിനും മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ല. രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് 05-4-ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 1,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

**സർക്കാർ സ്വീകരിച്ച നടപടി**

അഡീഷണൽ ഫണ്ടിനായി രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനയിൽ അധിക തുക അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതാണ്.

**ശിപാർശ**

21 - 1 - വാഹനം വാങ്ങൽ

രക്ഷാപ്രവർത്തനത്തിന് ആധുനിക വാഹനങ്ങളുടേയും യന്ത്രസാമഗ്രികളുടേയും ആവശ്യമുണ്ടെങ്കിലും ആധുനികവത്ക്കരണത്തിന് വകയിരുത്തുന്ന പ്ലാൻ ഫണ്ട് ഇതിന് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. പഴക്കം ചെന്ന വാഹനങ്ങളും യന്ത്ര സാമഗ്രികളും ലേലം ചെയ്തു വില്ലുന്നതിനാൽ ഈ സേവനമേഖലയുടെ പ്രവർത്തന ശേഷിയും രക്ഷാപ്രവർത്തനങ്ങളുടെ കാര്യക്ഷമതയും അനുദിനം കുറഞ്ഞുവരികയും അത് സംസ്ഥാനത്തിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കാനിടയാക്കുകയും ചെയ്യുന്നു. ഈ ശീർഷകത്തിൽ കഴിഞ്ഞ വർഷങ്ങളിലൊന്നും തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 10,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

**സർക്കാർ സ്വീകരിച്ച നടപടി**

അഡീഷണൽ ഫണ്ടിനായി രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനയിൽ അധികതുക അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതാണ്.

**ശിപാർശ**

21 - 2 - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ ഇതിലേയ്ക്ക് 13,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് ഗ്രാന്റിന് അനുവദിച്ച തുകകൾ തീരുന്ന മുറയ്ക്ക് അഡീഷണൽ ഫണ്ടിനായി രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനയിൽ അധികതുക അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതാണ്.

**ശിപാർശ**

26 - ഔദ്യോഗിക ഭാഷാപ്രയോഗം

ഔദ്യോഗികഭാഷയുടെ പ്രചരണത്തിനും ഉന്നമനത്തിനുമായി 1,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

**സർക്കാർ സ്വീകരിച്ച നടപടി**

സമിതിയുടെ ശിപാർശ പ്രകാരം അഡീഷണൽ ഫണ്ടിനായി രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനയിൽ അധിക തുക അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതാണ്.

(ഖണ്ഡിക 77 മുതൽ 89 വരെ - സർക്കാർ കത്ത് നം.

59148/എഫ്2/15/ആഭ്യന്തരം, തീയതി 19-2-2016)

**ശിപാർശ**

2070-00-119-97 - ഭരണഭാഷ നടപ്പാക്കൽ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് സെക്രട്ടറിയുടെ കാറിന്റെ ദിവസവേതന ഡ്രൈവർക്കും കൂടാതെ പരിഭാഷാ/സൂക്ഷ്മ പരിശോധനാ ജോലികൾക്കുമായി താല്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചവർക്കും വേതനം നൽകുന്നതിനും വകുപ്പിലെ വാഹനത്തിന്റെ ഇന്ധനച്ചെലവിനത്തിലും അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 02 - വേതനം ഇനത്തിൽ 30,000 രൂപയും 45 - പി.ഒ.എൽ. ഇനത്തിൽ 40,000 രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34 - മറ്റ് ചെലവുകൾ

ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കണമെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി ഭരണഭാഷാ പരിശീലനം, മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം, ശില്പശാല സംഘടിപ്പിക്കൽ, ഭരണഭാഷാ സഹായഗ്രന്ഥങ്ങൾ വാങ്ങി വിതരണം ചെയ്യൽ, ലഘുലേഖകൾ

അച്ചടിച്ച് വിതരണം ചെയ്യൽ തുടങ്ങിയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തി. ഭരണഭാഷാവ്യാപന നടപടികൾ ഊർജ്ജിതമായി നടത്തുന്നതിനായി നടപ്പുവർഷം 4 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 1,25,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. സംസ്ഥാനത്തെ ഉദ്യോഗസ്ഥർക്ക് ഔദ്യോഗികഭാഷാ പരിശീലനം നൽകുന്നതിനായി 2,66,87,500 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90, 91)

## സർക്കാർ സ്വീകരിച്ച നടപടി

15/07/2015 - ലെ 5793/ഔ.ഭാ.1/15/ഉഭപവ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം പ്രസ്തുത തുകകൾ 2015-16 സാമ്പത്തിക വർഷം തന്നെ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നം. 5793/ഔ.ഭാ/2015/ഉഭപവ തീയതി 20.8.2015)

## ശിപാർശ

2070-00-119-98 - ഔദ്യോഗികഭാഷാ കമ്മീഷൻ

ഔദ്യോഗികഭാഷാ കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് 02 - വേതനം 05-2-വൈദ്യുതച്ചെലവ്, 05-4 - മറ്റിനങ്ങൾ, 06 - വാടക, കരം, നികുതി എന്നീ ശീർഷകങ്ങളിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ 02 - വേതനം എന്ന ശീർഷകത്തിൽ 20,00,00,000 രൂപയും 05-2-വൈദ്യുതച്ചെലവ് എന്ന ശീർഷകത്തിൽ 1,50,00,000 രൂപയും 05-4-മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 30,00,00,000 രൂപയും 06 - വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 31,55,80,000 രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

## സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ച തുക തീരുന്നമുറയ്ക്ക് അധിക തുക ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നം. 14751/പാർല/2015/നിയമം തീയതി 17.9.2015)

## ശിപാർശ

26 - ഔദ്യോഗിക ഭാഷാപ്രയോഗം

വകുപ്പിന്റെ ഭാഷാപരിപോഷണ പ്രവർത്തനങ്ങൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഇതിലേക്ക് 1,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

## സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ച തുക തീരുന്നമുറയ്ക്ക് അധിക തുക അനുവദിക്കുന്നതിന് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നം. 14751/പാർല/2015/നിയമം തീയതി 17.9.2015)

## ശിപാർശ

2220-01-001-95- ന്യൂസ് ഗ്രിഡിന്റെ സംയോജിത വികസന പദ്ധതി

നടപ്പുവർഷം എല്ലാ ബ്ലോക്കുകളിലേയ്ക്കും നഗരസഭകളിലേയ്ക്കും കോർപ്പറേഷനുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും PRISM (Public Relations, Information and Service Management) എന്ന പേരിൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നതിനാൽ ഇതിലേയ്ക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്നു സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 80,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

## സർക്കാർ സ്വീകരിച്ച നടപടി

പ്രിസം പദ്ധതിയുടെ നടത്തിപ്പിനായി കരാറടിസ്ഥാനത്തിൽ നിയമിതരായ ഇൻഫർമേഷൻ അസിസ്റ്റന്റുമാർ/സബ് എഡിറ്റർമാർ എന്നിവരുടെ കരാർ കാലാവധി നീട്ടുവാൻ തീരുമാനിച്ച സാഹചര്യത്തിൽ ടിയാളുകൾക്ക് പ്രതിഫലം നൽകുന്നതിനും മറ്റുമായി 80,00,000 രൂപ ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചില്ല. ഇപ്പോൾ ടി ജീവനക്കാരുടെ കരാർ നിയമനം അവസാനിപ്പിച്ചിട്ടുണ്ട്.

## ശിപാർശ

2220-01-001-98- ജില്ലാപ്രചരണ ഓഫീസുകൾ

21-2- മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

ജില്ലാപ്രചരണഓഫീസുകളിലെ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 3,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

## സർക്കാർ സ്വീകരിച്ച നടപടി

സ.ഉ.(സാധാ) നം.1581/2016/ധന. പ്രകാരം 2,50,000 രൂപ ധനപുനർവിനിയോഗ ത്തിലൂടെ അനുവദിച്ച് നൽകിയിട്ടുണ്ട്.

## ശിപാർശ

2220-01-001-99- പബ്ലിക്ക് റിലേഷൻസ് ഡയറക്ടറേറ്റ്

ഈ ശീർഷകത്തിൻകീഴിൽ യാത്രാബത്ത, മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും, വാഹനങ്ങൾക്കുള്ള ഇന്ധനച്ചെലവ്, എന്നീയിനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ, 04-01- യാത്രാബത്ത, 21-2 മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും, 45- പി.ഒ.എൽ എന്നീ ശീർഷകങ്ങളിലായി യഥാക്രമം 3,00,000 രൂപ, 1,75,000 രൂപ, 1,00,000 രൂപ എന്നിങ്ങനെ തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

## സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ധനകാര്യ വകുപ്പ് 5-12-2015-ലെ സ.ഉ.(സാധാ) നം.10584/15/ധന പ്രകാരം 1,00,000 രൂപ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 04-01 യാത്രാബത്ത ശീർഷകത്തിൽ തുക അധികമായി ആവശ്യപ്പെട്ടുവെങ്കിലും ധനവകുപ്പിൽ നിന്ന് ലഭിക്കുകയുണ്ടായില്ല. 45-പി.ഒ.എൽ ശീർഷകത്തിൽ 3,83,000/- രൂപ വകയിരുത്തിയിരുന്നു. ഈ ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2220-01-001-99-21-1- മോട്ടോർ വാഹനങ്ങൾ വാങ്ങൽ

2220-01-001-98-21-1- മോട്ടോർ വാഹനങ്ങൾ വാങ്ങൽ

പബ്ലിക്ക് റിലേഷൻസ് ഡയറക്ടറേറ്റിലും വകപ്പിന്റെ അഞ്ച് ജില്ലാ ഓഫീസുകളിലും ആറ് മേഖലാ ഓഫീസുകളിലും 12 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളാണുള്ളതെന്നും ഇവ മാറ്റിവാങ്ങേണ്ടതിന്റെ ആവശ്യകതയും സമിതിയിൽ വെളിവാക്കപ്പെട്ടു. ഇത്തരത്തിലുള്ള ജില്ലാ ഓഫീസുകളിലെ 5 വാഹനങ്ങൾക്കും മേഖലാ ഓഫീസുകളിലെ 6 വാഹനങ്ങൾക്കും ഡയറക്ടറേറ്റിലെ 4 വാഹനങ്ങൾക്കും പകരമായി പുതിയവ വാങ്ങുന്നതിന് മേൽ ശീർഷകങ്ങളിലായി 1,25,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

**സർക്കാർ സ്വീകരിച്ച നടപടി**

സ.ഉ.(സാധാ) നം.1243/2016/ധന. പ്രകാരം ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസിൽ വാഹനം വാങ്ങുന്നതിനായി 8,64,000 രൂപ അനുവദിച്ച് ഉത്തരവാകുകയും ഡയറക്ടറുടെ വാഹനം മാറ്റി വാങ്ങുന്നതിന് 11,42,586 രൂപ മന്ത്രിസഭാ തീരുമാനത്തിനു വിധേയമായി ചെലവഴിക്കാൻ ധനകാര്യ വകുപ്പ് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വാഹനത്തിന്റെ വില സംബന്ധിച്ച് പുതിയ ഇൻവോയ്സ് പ്രകാരം ടൊയോട്ട ഇന്നോവ വാങ്ങുന്നതിന് മന്ത്രിസഭാ യോഗ തീരുമാനത്തിന് വിധേയമായി അനുമതി നൽകിയിട്ടുണ്ട്.

ജില്ലാ ഓഫീസുകളിലെ ആവശ്യത്തിലേക്ക് പുതിയ വാഹനം വാങ്ങുന്നതിന് തുക അനുവദിക്കുകയുണ്ടായില്ല.

**ശിപാർശ**

2220-60-101-96- വജ്രകേരളം

കേരളപ്പിറവിയുടെ 60-ാം വാർഷികം സമുചിതമായി ആഘോഷിക്കുന്നതിനാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുള്ളത്. ആഘോഷത്തിന്റെ ഭാഗമായി സെമിനാറുകൾ, പ്രദർശനങ്ങൾ, പ്രത്യേകം തയ്യാറാക്കിയ സാംസ്കാരിക പരിപാടികൾ, ദൃശ്യ ശ്രാവ്യ പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ല എന്നു

സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 50,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

**സർക്കാർ സ്വീകരിച്ച നടപടി**

കേരളപ്പിറവിയോടനുബന്ധിച്ച് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിച്ചെങ്കിലും കഴിഞ്ഞ രണ്ടു തെരഞ്ഞെടുപ്പുകൾ കാരണം തുക ചെലവഴിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

2220-60-101-97-01- പരസ്യത്തിനുള്ള ചെലവുകൾ - അച്ചടി മാധ്യമം

വികസന പദ്ധതികളുടെ പരസ്യപ്രചരണത്തിൽ ചെലവ് ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതിനാലും മുൻ വർഷം ഈ ശീർഷകത്തിൽ 13 കോടി രൂപയുടെ ചെലവ് വന്നിട്ടുള്ളതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 5,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

**സർക്കാർ സ്വീകരിച്ച നടപടി**

2220-60-101-97-01 അച്ചടി മാധ്യമം, 2220-60-101-99 പരസ്യവും ദൃശ്യപ്രചരണവും ശീർഷകങ്ങളിൽ 10 കോടി രൂപ വീതം അനുവദിച്ചു.

**ശിപാർശ**

2220-60-101-98- പ്രചരണസാമഗ്രികൾ

ജനപഥം, കേരള കോളിങ്ങ് ഫോൾഡർ, പോസ്റ്റർ, ലഘുലേഖകൾ, വികസന സമന്വയം എന്നീ പ്രചരണ സാമഗ്രികളുടെ അച്ചടി, രൂപകല്പന, വിതരണം തുടങ്ങിയവയുടെ ചെലവിനും നടപ്പുസാമ്പത്തിക വർഷം വികസന സമന്വയം എന്ന ടാബ്ലോയിഡ് പത്രം മാസത്തിൽ രണ്ടു പ്രതികളായി 15 ലക്ഷം കോപ്പി അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള ചെലവിനുമായി നിലവിലെ വിഹിതം പര്യാപ്തമല്ലെന്ന്

സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 14,00,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

## സർക്കാർ സ്വീകരിച്ച നടപടി

8-10-2015-ലെ സ.ഉ.(സാധാ) നം.6890/15/ധന പ്രകാരം 3 കോടി രൂപ അധികമായി അനുവദിച്ചു.

## ശിപാർശ

2220-60-101-99- പരസ്യവും ദൃശ്യ പ്രചരണവും

സർക്കാരിന്റെ ക്ഷേമ-വികസന പ്രവർത്തങ്ങളെക്കുറിച്ച് ദിനപത്രങ്ങളിലൂടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെയും പ്രദർശന പരസ്യങ്ങൾ വഴി പൊതു ജനങ്ങളിലെത്തിക്കുന്നതിനും വകുപ്പിന്റെ പരസ്യവിഭാഗം ആധുനികവൽക്കരിക്കുന്ന-തുൾപ്പെടെയുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 3,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

## സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 10 കോടി രൂപ അനുവദിച്ചു.

## ശിപാർശ

2220-60-106-97- അന്തർ സംസ്ഥാന പൊതുജന സമ്പർക്കം

സംസ്ഥാനത്തെ മികച്ച വികസന മാതൃകകൾ ഇതര സംസ്ഥാനങ്ങളിലെ ജനങ്ങളെ പരിചയപ്പെടുത്തുന്നതിനും സംസ്ഥാനത്തിനു പുറത്ത് മെട്രോ നഗരങ്ങളിൽ പത്രപ്രവർത്തകരുടെ സമ്മേളനങ്ങൾ, പ്രദർശനങ്ങൾ, സാംസ്കാരിക പരിപാടികൾ, വ്യാപാരമേളകൾ തുടങ്ങിയവ സംഘടിപ്പിക്കാനും കൂടാതെ സംസ്ഥാനത്തെ വികസനത്തെപ്പറ്റി പഠിക്കുന്നതിനായി അന്യ സംസ്ഥാന-വിദേശ അച്ചടി-ദൃശ്യ-ശ്രാവ്യ-മാധ്യമ പ്രവർത്തകരെ ക്ഷണിക്കുന്നതിനും ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നു. ഇതിലേയ്ക്ക് നടപ്പുസാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നതിനാൽ 25,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

### സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അധിക തുക വകയിരുത്തുന്നതിന് ആവശ്യപ്പെട്ടെങ്കിലും ടി സാമ്പത്തിക വർഷത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന പദ്ധതികൾ മാറ്റി വച്ചതിനാൽ ഈ ശീർഷകത്തിൽ തുക ആവശ്യമില്ല.

### ശിപാർശ

2220-60-110-99- പുസ്തക പ്രസിദ്ധീകരണം

ജില്ലാ ഹാന്റ് ബുക്കുകളുടെ പുന:പ്രസിദ്ധീകരണം, മീഡിയ ഹാന്റ് ബുക്ക്, കേരള ആൻ ഓതന്റിക് ഹാന്റ് ബുക്ക്, ഹെറിറ്റേജ് ഓഫ് കേരള സീരീസ് പ്രസിദ്ധീകരണങ്ങൾ, മറ്റു വൈജ്ഞാനിക ഗ്രന്ഥങ്ങൾ എന്നിവയുടെ പ്രസിദ്ധീകരണത്തിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

### സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികം വകയിരുത്തുന്നതിന് ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചില്ല.

### ശിപാർശ

2220-60-800-81- കേരള സംസ്ഥാന നോൺ-ജേർണലിസ്റ്റ് പെൻഷൻ സ്കീം

സംസ്ഥാനത്തുനിന്ന് പ്രസിദ്ധീകരിക്കുന്ന പത്രങ്ങളിൽ പത്രപ്രവർത്തകർ ഒഴികെയുള്ള തസ്തികകളിൽ ജോലി ചെയ്ത് വിരമിക്കുന്നവർക്കുള്ള ഈ ക്ഷേമ പദ്ധതിയിൽ പ്രതിമാസം 30 ലക്ഷം രൂപയുടെ ചെലവ് ഉണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. മുൻ സാമ്പത്തിക വർഷത്തെ 1,09,99,000 രൂപയുടെ കുടിശ്ശികയുൾപ്പെടെ നൽകുന്നതിലേയ്ക്ക് ഈ ശീർഷകത്തിൽ 300,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.



(ഖണ്ഡിക 104)

## സർക്കാർ സ്വീകരിച്ച നടപടി

പത്രപ്രവർത്തകേതര പെൻഷൻകാർക്ക് പെൻഷനും ഉത്സവബത്തയും വിതരണം ചെയ്യുന്നതിനായി 3-12-2015-ലെ സ.ഉ.(സാധാ) നം.10491/15/ധന ഉത്തരവ് പ്രകാരം 4,62,49,000 രൂപ അനുവദിച്ചിട്ടുണ്ട്. എസ്.ഡി.ജി. മുഖേന 1 കോടി രൂപ അനുവദിച്ചെങ്കിലും തുക വിനിയോഗിക്കാൻ കഴിഞ്ഞില്ല.

(ഖണ്ഡിക 94 മുതൽ 104 വരെ - സർക്കാർ കത്ത് നം. 15061/ബി2/2016/ഐ & പി.ആർ. തീയതി - 15-7-2016)

## ശിപാർശ

2230-01-103-11 : മടങ്ങിവന്ന കുടിയേറ്റക്കാരുടെ പുനരധിവാസം

നോർക്ക വകുപ്പിന്റെ കീഴിലെ പദ്ധതികൾ പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള ഇരുപതിനായിരത്തിലധികം അപേക്ഷകർക്ക് മൂലധന സബ്സിഡി നൽകുന്നതിന് 20,00,00,000/- രൂപയുടെ ചെലവും സൗദിയിലെ നിതാഖത്ത് നിയമം, ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്ക്കരണം എന്നിവയുടെ പശ്ചാത്തലത്തിൽ സമഗ്രപുനരധിവാസ പദ്ധതി നടപ്പാക്കുന്നതിന് 30,00,00,000/- രൂപയുടെ ചെലവും ഉണ്ടാകുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 6,25,00,000/- രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

## സർക്കാർ സ്വീകരിച്ച നടപടി

സർക്കാരിന്റെ ധനപരിമിതി കണക്കിലെടുത്ത് സമിതി ശിപാർശ ചെയ്ത അധിക തുക ശീർഷകത്തിൽ അനുവദിക്കുകയുണ്ടായില്ല.

## ശിപാർശ

2230-01-103-39 : നോർക്ക വകുപ്പിനു കീഴിലുള്ള സാന്ത്വന പദ്ധതി

മുൻ സാമ്പത്തിക വർഷം സർക്കാർ ഉത്തരവായിട്ടുള്ള ധനസഹായത്തിൽ ഫണ്ടിന്റെ അപര്യാപ്തതയിൽ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്ത 7.5 കോടിയോളം രൂപ നൽകുന്നതിനും നടപ്പു സാമ്പത്തിക വർഷത്തെ ധനസഹായ വിതരണത്തിന്റെ ചെലവു കൂടി കണക്കിലെടുത്തും ഈ ശീർഷകത്തിൽ 12,00,00,000/- രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

**സർക്കാർ സ്വീകരിച്ച നടപടി**

സാന്ത്വന പദ്ധതിയിൻ കീഴിൽ അനുവദിച്ച സാമ്പത്തിക സഹായത്തിന്റെ കുടിശ്ശിക തീർക്കുന്നതിലേയ്ക്കായി 8.25 കോടി രൂപ അഡീഷണൽ ആതറൈസേഷൻ അനുവദിച്ചു.

**ശിപാർശ**

2230-01-103-40 : പ്രവാസി മലയാളികളുടെ നൈപുണ്യം മെച്ചപ്പെടുത്തലും പുനഃസംയോജന പരിശീലനവും

സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനായുള്ള സാങ്കേതിക പരിശീലനം നൽകുന്നതിനും ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനും വിദേശരാജ്യങ്ങളിലെ തൊഴിൽ മേഖലകളിൽ സാധ്യതകൾ കണ്ടെത്തുന്നതിന് ഉതകുന്ന ലഘു കോഴ്സുകൾ ക്രമീകരിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1,00,00,000/- രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

**സർക്കാർ സ്വീകരിച്ച നടപടി**

ധനപരിമിതിമൂലം സമിതി ശിപാർശ ചെയ്ത അധിക തുക ഈ ഇനത്തിൽ അനുവദിക്കുകയുണ്ടായില്ല.

**ശിപാർശ**

2230-01-103-43 : പ്രവാസിക്ഷേമനിധി

അംഗങ്ങളുടെ അംശദായത്തിന് ആനുപാതികമായ സർക്കാർ വിഹിതം അടയ്ക്കുന്നതിന് ഈ തുക പര്യാപ്തമല്ല. ആയതിനാൽ 99,00,000/- രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

**സർക്കാർ സ്വീകരിച്ച നടപടി**

ധനപരിമിതിമൂലം സമിതി ശിപാർശ ചെയ്ത അധിക തുക ഈ ഇനത്തിൽ അനുവദിക്കുകയുണ്ടായില്ല.

## ശിപാർശ

2230-01-103-54 : പ്രവാസി മലയാളികളെക്കുറിച്ചുള്ള ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള സർവ്വേ

ലോകത്തിലെ വിവിധ രാജ്യങ്ങളിലെ ശാസ്ത്രസാങ്കേതിക വ്യാവസായിക വിദ്യാഭ്യാസ മേഖലകളിലും മറ്റു വിദഗ്ദ്ധ മേഖലകളിലും ഉയർന്ന സ്ഥാനങ്ങൾ അലങ്കരിക്കുന്ന പ്രവാസികേരളീയരുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിലൂടെ മനുഷ്യ വിഭവശേഷിയുടെ സ്വരൂപിക്കലിനും അവരുടെ അറിവും അനുഭവവും സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയുക്തപ്പെടുത്താനും കഴിയുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രവാസികളുടെ ഡേറ്റാബേസ് കാലികമാക്കുന്നതിനും പൂർത്തിയാക്കുന്നതിനുമായി 25,00,000/- രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

## സർക്കാർ സ്വീകരിച്ച നടപടി

പദ്ധതിക്കായി 24,82,000/- രൂപ അഡീഷണൽ ആതറൈസേഷൻ അനുവദിച്ചു.

## ശിപാർശ

2230-01-103-67 : പ്രവാസി മലയാളി ക്ഷേമ വകുപ്പ്

വകുപ്പിലെ ഡ്രൈവർമാരുടെ വേതനം നൽകുന്നതിനായി വേതനം എന്നയിനത്തിൽ അനുവദിച്ച തുകയും വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും വാഹനങ്ങളുടെ ഇന്ധനച്ചെലവിനും അനുവദിച്ച തുകയും മുൻ വർഷത്തിലേതിന് ആനുപാതികമല്ലായെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 02-വേതനം എന്നയിനത്തിൽ 2,25,000/- രൂപയും 21-2 മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നയിനത്തിൽ 60,000/- രൂപയും, 45-പി.ഒ.എൽ. എന്നയിനത്തിൽ 2,50,000/- രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 110)

**സർക്കാർ സ്വീകരിച്ച നടപടി**

വകുപ്പിലെ ഡ്രൈവർമാരുടെ ദിവസ വേതനത്തിനായി 75,000 രൂപ അഡീഷണൽ ആതറൈസേഷൻ ഈ ശീർഷകത്തിൽ അനുവദിച്ചു.

വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റ പണികൾക്കുമായി 50,000/- രൂപ ഈ ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ അനുവദിച്ചു.

വാഹനങ്ങളുടെ ഇന്ധന ചെലവിലുണ്ടായ വർദ്ധന മൂലവും ഈ ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് കൊടുത്തുതീർക്കാനുള്ള കുടിശ്ശികയും കണക്കിലെടുത്ത് 3,00,000/- രൂപ ഈ ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ അനുവദിച്ചു.

**ശിപാർശ**

2230-01-103-74 : പ്രവാസി മലയാളികളെ അടിയന്തര സാഹചര്യത്തിൽ തിരിച്ചു കൊണ്ടുവരാനുള്ള നിധി

ഗൾഫ് രാജ്യങ്ങളിലും മറ്റു വിദേശരാജ്യങ്ങളിലും നിലവിൽ വന്ന സ്വദേശിവൽക്കരണ നിയമങ്ങൾ, തൊഴിൽ അരക്ഷിതാവസ്ഥ, ആഭ്യന്തര കലാപങ്ങൾ തുടങ്ങിയവ കൂടുതൽ പ്രവാസി മലയാളികളെ മടങ്ങി വരാൻ നിർബന്ധിതരാക്കുന്നു. ഈ സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതം തുലോം കുറവാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 50,00,000/- രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 111)

**സർക്കാർ സ്വീകരിച്ച നടപടി**

ധനപരിമിതി മൂലം ഈ പദ്ധതിയ്ക്കായി കൂടുതൽ തുക അനുവദിക്കുകയുണ്ടായില്ല.

**ശിപാർശ**

2230-01-103-81 : സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശമലയാളികളെ ആകർഷിക്കൽ

കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളുമുൾപ്പെടെ വിവിധ രാജ്യങ്ങളിൽ പ്രവാസിമലയാളികൾക്കും ഇന്ത്യൻ വംശജർക്കും അവരുടെ അനുഭവങ്ങളിലൂടെ പങ്കുവയ്ക്കുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ നിക്ഷേപ താല്പര്യങ്ങൾ ഉയർത്തിപ്പിടിക്കാനും ഉദ്ദേശിച്ചുകൊണ്ട്

യോഗങ്ങളും സെമിനാറുകളും സംഘടിപ്പിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യാവസായിക മേഖലയ്ക്ക് ഉണർവ്വേകുമെന്നും സമിതി വിലയിരുത്തപ്പെട്ടു. മേൽപരാമർശിച്ച പ്രകാരമുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 50,00,000/- രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

ആഗോള മലയാളി പ്രവാസി സംഗമം 2015-16 സാമ്പത്തിക വർഷത്തിൽ സംഘടിപ്പിക്കുകയുണ്ടായില്ല. കൂടുതൽ തുക ഈ ഇനത്തിൽ വേണ്ടി വന്നില്ല.

**<u>ശിപാർശ</u>**

4250-00-201-94 - നോർക്ക സെന്റർ കെട്ടിടം നിർമ്മിക്കൽ

നോർക്ക സെന്റർ കെട്ടിടത്തിൽ ആഡിറ്റോറിയം നിർമ്മിക്കുന്നതിനായി ഈ ശീർഷകത്തിൽ 1,00,00,000/- രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 113)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

ധനപരിമിതി മൂലം ഈ പദ്ധതിയ്ക്കായി കൂടുതൽ തുക അനുവദിക്കുകയുണ്ടായില്ല. (ഖണ്ഡിക 105 മുതൽ 113 വരെ - സർക്കാർ കത്ത് നം. 5010/ബി1/2015/നോർക്ക, തീയതി - 13-4-2016)

## <u>ഭാഗം 2</u>

## <u>2016 ജൂലൈ 7-ാം തീയതിയിലെ 25-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം സബ്ജക്റ്റ് കമ്മിറ്റി IV (വ്യവസായങ്ങളും ധാതുക്കളും)-ൽ നിന്നും കൈമാറി ലഭിച്ചത്.</u>

**<u>വിവരസാങ്കേതിക വിദ്യാ വകുപ്പ്</u>**

**<u>ശിപാർശ</u>**

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടെക്നോ പാർക്കിന്റെ സ്ഥലമെടുപ്പിന് 10 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ

സ്ഥലത്തിന്റെ വില പുനർനിർണ്ണയിച്ച് നൽകേണ്ടി വരുന്ന സാഹചര്യത്തിൽ പ്രസ്തുത തുക പര്യാപ്തമല്ല. ആയതിനാൽ ടെക്നോപാർക്കിന്റെ സ്ഥലമെടുപ്പിന് 100 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

## സർക്കാർ സ്വീകരിച്ച നടപടി

2015-16-ൽ പദ്ധതി വിഹിതമായി വകയിരുത്തിയ തുക സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് തന്നെ മൊത്തമായും അനുവദിച്ചിരുന്നെങ്കിലും ആയത് പൂർണ്ണമായും ചിലവഴിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുവാൻ ടെക്നോപാർക്കിന് കഴിയാത്ത സാഹചര്യത്തിൽ അധികമായി തുക വീണ്ടും വകയിരുത്തിയിരുന്നില്ല.

## ശിപാർശ

2015-16 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 11 കോടി രൂപ മാത്രമേ RIDF പ്ലാൻ ഹെഡ്ഡിൽ സൈബർ പാർക്കിന് വകയിരുത്തിയിട്ടുള്ളൂ. സൈബർപാർക്ക് ഒന്നാംഘട്ട പദ്ധതിയുടെ പൂർത്തീകരണത്തിന് തുക പര്യാപ്തമല്ലാത്തതിനാൽ സൈബർപാർക്കിന് 25 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

## സർക്കാർ സ്വീകരിച്ച നടപടി

2015-16-ൽ വകയിരുത്തിയിരുന്ന 11 കോടി രൂപയ്ക്ക് പുറമെ പദ്ധതിയുടെ പുരോഗതി വിലയിരുത്തി 984.28 ലക്ഷം രൂപ കൂടി അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

ഇൻഫോ പാർക്കിൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ ഇൻഫോപാർക്കിന്റെ പദ്ധതികൾക്കായി 100 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

**സർക്കാർ സ്വീകരിച്ച നടപടി**

ഇൻഫോപാർക്കിന് 2015-16-ൽ അനുവദിച്ച 56 കോടി രൂപ ചിലവഴിച്ച് ആയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചത് പ്രസ്തുത സാമ്പത്തിക വർഷാവസാനമാണ് എന്നതിനാൽ ടി സ്ഥാപനത്തിന് അധിക തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കപ്പെട്ടിരുന്നില്ല.

**ശിപാർശ**

വിവരസാങ്കേതികവിദ്യയിലും അനുബന്ധ മേഖലകളിലും ഗുണസമ്പൂർണ്ണമായ ബിരുദാനന്തര വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ 2000-ത്തിൽ തിരുവനന്തപുരത്ത് ആരംഭിച്ച വിദ്യാഭ്യാസ-ഗവേഷണ സ്ഥാപനമാണ് ഐ.ഐ.ഐ.ടി.എം.-കെ. നിലവിൽ വാടക മന്ദിരത്തിൽ പ്രവർത്തിക്കുന്ന ഈ മികവിന്റെ വിദ്യാലയത്തിനായി തിരുവനന്തപുരം ടെക്നോസിറ്റിയിൽ 161 കോടി രൂപ മതിപ്പ് നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്ന പൂർണ്ണസജ്ജമായ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം നടന്നു വരുന്നു. പ്രസ്തുത പദ്ധതിയുടെ 72 കോടി രൂപ ചെലവു വരുന്ന ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പു സാമ്പത്തിക വർഷം ഒക്ടോബർ 31-ന് പൂർത്തിയാകുന്നതാണ്. എന്നാൽ ഐ.ഐ.ഐ.ടി.എം.-കെ-യുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷത്തിലേക്ക് സർക്കാരിന്റെ ഓഹരി മൂലധന നിക്ഷേപമായി 15 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഈ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 30 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

**സർക്കാർ സ്വീകരിച്ച നടപടി**

IIITM-K-യ്ക്ക് വകയിരുത്തിയിരുന്ന 15 കോടി രൂപയിൽ 14.9 കോടി രൂപ അനുവദിക്കുകയും ബാക്കി 10 ലക്ഷം രൂപ e-LAMS-ൽ പോസ്റ്റ് ചെയ്തിട്ടുമുണ്ട്. അനുവദിച്ച തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമയബന്ധിതമായി സമർപ്പിക്കാത്ത സാഹചര്യത്തിൽ അധിക തുകയ്ക്കുള്ള നിർദ്ദേശം പരിഗണിക്കപ്പെട്ടിട്ടില്ല.

**ശിപാർശ**

തിരുവനന്തപുരം പള്ളിപ്പുറത്ത് ടെക്നോപാർക്ക് ടെക്നോസിറ്റി പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുത്ത 423 ഏക്കർ ഭൂമിയിൽ 150 ഏക്കറിലാണ് നോളഡ്ജ് സിറ്റി വിഭാവനം ചെയ്തിരിക്കുന്നത്. വിജ്ഞാന നഗരം പ്രാവർത്തികമാക്കുന്നതിന്റെ പ്രീ-ഫീസിബിലിറ്റി റിപ്പോർട്ട് അക്സൻചർ എന്ന കമ്പനി നടത്തിയിട്ടുണ്ട്. പി.പി.പി. മോഡലിൽ പദ്ധതി നടത്തിക്കൊണ്ടുപോകത്തക്ക രീതിയിൽ സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുവാനായി നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിനാൽ വിജ്ഞാന നഗരത്തിന്റെ സ്ഥലമെടുപ്പിനുവേണ്ടി ടെക്നോപാർക്കിന് ചെലവായ 316.25 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

**സർക്കാർ സ്വീകരിച്ച നടപടി**

വിജ്ഞാന നഗരം പദ്ധതിയ്ക്കു വേണ്ടി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. തുടർന്ന് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി Expression of Interest ക്ഷണിക്കുകയും, ഇത് പ്രകാരം ലഭിച്ച M/s.IL&FS എന്ന കമ്പനിയുടെ EOI പരിശോധിച്ച് വരികയുമാണ്. ആകയാൽ പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയ തുക ചിലവഴിക്കപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ അധികമായി തുക അനുവദിക്കാൻ നിർദ്ദേശം സമർപ്പിച്ചിരുന്നില്ല.

**ശിപാർശ**

ഗ്രാമീണ മേഖലയിൽ വേഗതയുള്ള ബ്രോഡ്ബാന്റ് (കുറഞ്ഞത് 100 mbps) സൗകര്യം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് NOFN (നാഷണൽ ഒപ്റ്റിക് ഫൈബർ നെറ്റ് വർക്ക്). NOFN പദ്ധതിയുടെ സാക്ഷാത്കാരത്തിൽ പങ്കാളിയാകാൻ കെ.എസ്.ഐ.ടി.ഐ.എൽ.-ന് താല്പര്യമുണ്ട്. ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഐ.ടി.ഐ.എൽ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള സ്ഥലമോ കെട്ടിടങ്ങളോ ഏറ്റെടുത്ത് ടെക്നോലോഡ്ജസ് ആക്കി റൂറൽ ഇൻഫർമേഷൻ ടെക്നോളജി ആന്റ് ഇലക്ട്രോണിക്സ് 'RITEL' എന്ന പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. BPO, ഇലക്ട്രോണിക്സ്, മറ്റു അനുബന്ധ ചെറുകിട സംരംഭങ്ങളും, ഈ പദ്ധതിയിൽ

ഉൾപ്പെടുത്താവുന്നതാണ്. റൂറൽ ഐ.ടി. ആന്റ് ഇലക്ട്രോണിക്സ് പാർക്ക് പദ്ധതിയുടെ പ്രാരംഭ നടപടികൾക്കായി പുതിയ ഒരു ശീർഷകം ആരംഭിച്ച് 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

## സർക്കാർ സ്വീകരിച്ച നടപടി

4-3-2016-ലെ സ.ഉ.(എം.എസ്.) നം.16/2016/ITD പ്രകാരം മലപ്പുറം ജില്ലയിലെ അരീക്കോട്, കണ്ണൂർ ജില്ലയിലെ തലശ്ശേരി, പാലക്കാട് ജില്ലയിലെ പട്ടാമ്പി എന്നീ സ്ഥലങ്ങളിൽ Rural IT & Electronics Park തുടങ്ങുന്നതിനുള്ള ഭരണാനുമതി നൽകുകയും ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് വേണ്ട ഫണ്ടിനായി അടുത്ത സാമ്പത്തിക വർഷം (2016-17) നടപടിയെടുക്കാവുന്നതാണെന്നും ഉത്തരവായിരുന്നു. ഈ സാഹചര്യത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി ശീർഷകം ആരംഭിച്ച് തുക അനുവദിക്കുകയുണ്ടായില്ല.

(ഖണ്ഡിക 36 മുതൽ 41 വരെ - സർക്കാർ കത്ത് നം. 138/എ l/2016/ഇ&ഐ.ടി.ഡി. തീയതി - 30-6-2016)

## ഭാഗം 3

## 2016 ജൂലൈ 7-ാം തീയതിയിലെ 25-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം സബ്ജക്ട് കമ്മിറ്റി V (മരാമത്തും ഗതാഗതവും വാർത്താവിനിമയവും) -ൽ നിന്നും കൈമാറി ലഭിച്ചത്.

### ഗതാഗത വകുപ്പ്

### ശിപാർശ

3053-02-190-99 - സിവിൽ ഏവിയേഷൻ - എയർപോർട്ടുകൾ - പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള സഹായധനം - കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിക്കുള്ള ഗ്രാന്റ്

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് ഫണ്ട് സമാഹരിക്കുന്നതിന് 4-4-2012 ലെ ജി.ഒ.(എം.എസ്.) നമ്പർ 20/2012/ട്രാൻ പ്രകാരം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റി രൂപീകരിച്ചുവെന്നും ടി സൊസൈറ്റിയുടെ ദൈനംദിന ചെലവുകൾക്കായി അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ, ഷെയർ മാനേജ്മെന്റ് സോഫ്റ്റ് വെയർ, ഔദ്യോഗിക വെബ്സൈറ്റ് മുതലയാവ വികസിപ്പിച്ചതിലേക്കും

താൽക്കാലിക വായ്പ തിരിച്ചടയ്ക്കുന്നതിലേക്കും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 18 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

**സർക്കാർ സ്വീകരിച്ച നടപടി**

18 ലക്ഷം രൂപ ഉപധനാഭ്യർത്ഥന വഴി അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

5053-02-190-97 - സിവിൽ ഏവിയേഷനുള്ള മൂലധന ചെലവ് - എയർപോർട്ടുകൾ പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 254.07 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

**സർക്കാർ സ്വീകരിച്ച നടപടി**

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായി 221.4473 കോടി രൂപ അധികാനുമതി വഴി മെഗാ പ്രോജക്ടിനായി നീക്കി വച്ചിരുന്ന തുകയിൽ അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

5053-02-190-93-സിവിൽ ഏവിയേഷനുള്ള മൂലധന ചെലവ് - എയർപോർട്ടുകൾ - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കോഴിക്കോട് എയർപോർട്ടിനായുള്ള ഭൂമി ഏറ്റെടുക്കൽ

11-7-2013-ലെ ജി.ഒ.(ആർ.ടി.) നമ്പർ 3163/14/ആർ.ഡി. സർക്കാർ ഉത്തരവ് പ്രകാരം പുനരധിവാസത്തിനായി 20 ഏക്കർ ഭൂമിയും 26-12-2014 ലെ ജി.ഒ. (ആർ.ടി.) നം. 6524/14/ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 137 ഏക്കർ

ഭൂമിയും നെഗോഷിയേഷൻ പ്രകാരം വാങ്ങുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടെന്നും ഭൂവുടമകൾ സമ്മതപത്രം നൽകുന്ന പക്ഷം നഷ്ടപരിഹാരതുക നിർണ്ണയിച്ച് വിതരണം ചെയ്യേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 226,06,62,000 രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

## സർക്കാർ സ്വീകരിച്ച നടപടി

ഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ ഭൂവുടമകളുമായി ധാരണയാകാത്തതിനാൽ നഷ്ടപരിഹാര തുക നിർണ്ണയിച്ച് തുക വിതരണം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ സമർപ്പിച്ചിട്ടില്ല. ആയതിനാൽ തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

**7053-02-190-99-സിവിൽ ഏവിയേഷനുള്ള വായ്പകൾ എയർപോർട്ടുകൾ - പൊതുമേഖലയും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ - തിരുവനന്തപുരം എയർപോർട്ട് ഡെവലപ്പ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ**

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിനായി 18.53 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായും എൽ.എ.ആർ. കേസുകൾക്കും ഈ ശീർഷകത്തിൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 208.03 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

## സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശവാസികളുടെ എതിർപ്പ് മൂലം പദ്ധതിക്ക് ആവശ്യമായ ഭൂമി നിർണ്ണയിക്കാൻ കഴിയാത്ത സാഹചര്യത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിന് തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ എൽ.എ.ആർ. കേസുകളിൽ ടി കണക്കിനത്തിൽ 6,28,10,003/- രൂപ അധികാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

(ഖണ്ഡിക 96, 106, 107, 115 - സർക്കാർ കത്ത് നം. 8958/ഡി2/2015/ഗതാ., തീയതി - 16-7-2016)

## ഭാഗം 4

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിൽ ആകെ 122 ശിപാർശകളാണുണ്ടായിരുന്നത്. അതിൽ 85 ശിപാർശകൾക്കുള്ള (ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിന്നുള്ള 9 ശിപാർശകൾ ഉൾപ്പെടെ) മറുപടി സർക്കാരിൽ നിന്നും ലഭിച്ചു. 37 ശിപാർശകളിന്മേൽ ഇനിയും മറുപടി ലഭിക്കാനുണ്ട്.

7-7-2016-ലെ ബുള്ളറ്റിൻ ഭാഗം 2 (നമ്പർ 25) പ്രകാരം ന്യൂനപക്ഷക്ഷേമം എന്ന വിഷയം സബ്ജക്ട് കമ്മിറ്റി IX-ലേക്ക് മാറ്റി നൽകിയതിനാൽ അതു സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് (ഖണ്ഡിക 114 മുതൽ 122 വരെ) ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശകളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്.

| ശിപാർശ/ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് |
|---|---|
| 1, 2, 3, 8, 9, 10, 11, 12, 13, 14, 15, 18 (12 എണ്ണം) | പൊതുഭരണ (ബഡ്ജറ്റ് വിംഗ്) വകുപ്പ് |
| 16, 17 (2 എണ്ണം) | പൊതുഭരണ (ഏകോപനം) വകുപ്പ് |
| 21, 22 (2 എണ്ണം) | ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് |
| 26, 27, 28, 29, 37, 38, 39, 40, 66 (9 എണ്ണം) | ആഭ്യന്തര വകുപ്പ് |
| 41, 42, 47, 48 (4 എണ്ണം) | തദ്ദേശസ്വയംഭരണ വകുപ്പ് |
| 67, 68, 69, 70, 71, 72, 73, 74 (8 എണ്ണം) | ഉന്നതവിദ്യാഭ്യാസ (അച്ചടിയും സ്റ്റേഷനറിയും) വകുപ്പ് |

തിരുവനന്തപുരം,
2016 നവംബർ 3.

പിണറായി വിജയൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.